# ALL NATIONS GOSPEL PUBLISHERS



Copyright ANGP

www.angp-hb.co.za

info@angp.co.za

*MALAYALAM Heart Book*

# മനുഷ്യഹൃദയം

അഥവാ

# ആത്മീയ ഹൃദയക്കണ്ണാടി

(10 ചിത്രങ്ങളുടെ ദൃഷ്ടാന്തേന)

ഈ ലഘുപുസ്തകം ആദ്യമായി 1732-ൽ ദൃഷ്ടാന്തസഹിതം ഫ്രാൻസിലാണ് പ്രസിദ്ധപ്പെടുത്തിയത്. ആത്മീയ ഹൃദയ കണ്ണാടി അഥവാ ഹൃദയപുസ്തകം എന്ന് അറിയപ്പെട്ടിരുന്നു. ഇതിൽ അടങ്ങിയിരിക്കുന്ന ആഴമായ ആത്മീയ സത്യത്തിന്റെ പ്രാധാന്യംമൂലം അനേക യൂറോപ്യൻ ഭാഷകളിലും ആഫ്രിക്കൻ ഭാഷകളിലും ഈ പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. എല്ലാ വിഭാഗത്തിലും വിശ്വാസത്തിലും ഉൾപ്പെട്ടവർ ഇത് വായിച്ചുവരുന്നു.

"ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും, പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും" (യെഹെ. 36: 26; എബ്രാ. 8: 10). പഴയ നിയമത്തിൽ പറയപ്പെട്ടിരിക്കുന്ന ഈ ദൈവവാഗ്ദത്തം പുതിയ നിയമത്തിൽ നിറവേറുകയും അനേകർ ഈ സത്യം അനുഭവമാക്കുകയും ചെയ്തിരിക്കുന്നു.

J. R. GSCHWEND

COPYRIGHT

ISBN 0 - 908412 - 65 - 7

E-MAIL: info@angp.co.za

ALL NATIONS GOSPEL PUBLISHERS
P.O. Box 2191, PRETORIA, 0001, R.S.A.
(A Gospel Literature Mission financed by donations)
(Reg. No. 1961/001798/08)

Copyright ANGP

പാപം ചെയ്യുന്നവൻ പ്രമാണം ലംഘിക്കുന്നു. പാപം പ്രമാണലംഘനംതന്നേ.

നമ്മുടെ പാപങ്ങളെ ചുമന്നൊഴിപ്പാൻ അവിടുന്നു പ്രത്യക്ഷപ്പെട്ടു. പാപം തന്നിലുണ്ടായിരുന്നില്ല.

തന്നിൽ വസിക്കുന്നവൻ പാപം ചെയ്യുന്നില്ല. പാപം ചെയ്യുന്നവൻ ദൈവത്തെ കണ്ടിട്ടും അറിഞ്ഞിട്ടുമില്ല.

ചെറിയ കുഞ്ഞുങ്ങളെ നിങ്ങളെ ആരും വഞ്ചിക്കരുതു്. നീതി ചെയ്യുന്നവൻ തന്നേപ്പോലെതന്നെ നീതിമാനായിരിക്കുന്നു.

പാപം ചെയ്യുന്നവൻ പിശാചിനാൽ ഉണ്ടായിരിക്കുന്നു. അവൻ ആദിമുതൽ പാപം ചെയ്യുന്നവല്ലോ.

പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻതന്നേയല്ലോ ദൈവപുത്രൻ വെളിപ്പെട്ടതു്.

ദൈവത്തിൽനിന്നു ജനിച്ചവൻ പാപം ചെയ്യുന്നില്ല. തന്റെ വിത്തു അവനിൽ വസിക്കുന്നു. ദൈവസന്തതിക്കു് പാപം ചെയ്യാൻ കഴികയില്ല.

ദൈവമക്കൾ ആരെന്നും സാത്താന്റെ സന്തതികൾ ആരെന്നും ഇതിനാൽ തിരിച്ചറിയാം. നീതി ചെയ്യാത്തവനും സ്വസഹോദരനെ സ്നേഹിക്കാത്തവനും ദൈവത്തിൽനിന്നുള്ളവനല്ല. (1 യോഹ. 3: 4-10).

Copyright ANGP

# മനുഷ്യഹൃദയം

ദൈവത്തിൻെറ ആലയമോ സാത്താൻെറ പണിപ്പുരയോ ? (1 യോഹ. 3: 4-10).

ഇതു വായിക്കുമ്പോൾ നിങ്ങൾക്കു നിങ്ങളെത്തന്നെ കാണാൻ കഴിയുന്ന ഒരു കണ്ണാടിയാണിതെന്നുള്ളതു മനസ്സിൽ വച്ചുകൊള്ളുക. നിങ്ങൾ ഒരു ഹൈന്ദവനോ, ക്രിസ്ത്യാനിയോ, അവിശ്വാസിയോ, പിന്മാററക്കാരനോ ആയിരിക്കാം. പക്ഷേ ദൈവം നിങ്ങളെ കാണുന്നതുപോലെ നിങ്ങൾക്കും നിങ്ങളെ കാണാൻ കഴിയും. മനുഷ്യൻ പുറമേയുള്ളതു കാണുന്നു. യഹോവയോ ഹൃദയത്തെ നോക്കുന്നു. (1 ശമു. 16: 7). ദൈവത്തിനു മുഖപക്ഷമില്ല.

സാത്താൻ അസത്യത്തിൻെറ ജനയിതാവാണ്. അവൻ അന്ധകാരത്തിൻെറ പ്രഭവും ഈ ലോകത്തിൻെറ ദൈവവുമത്രേ. സ്ത്രീ പുരുഷന്മാരെ വഞ്ചിപ്പാൻ അവൻ വെളിച്ചദൂതൻെറ വേഷം കെട്ടുന്നു. പൂർവ്വകാലത്തെപ്പോലെ ക്രിസ്തുവിൻെറ അപ്പൊസ്തലർ എന്നു ഭാവിക്കുന്ന കള്ളയപ്പോസ്തലന്മാരും, കപടവേലക്കാരും ഇന്നുംഉണ്ട്. ആകയാൽ സാത്താൻ തന്നേയും വെളിച്ച ദൂതൻെറ വേഷം ധരിക്കുന്നു എങ്കിൽ അതിൽ അതിശയിപ്പാൻ ഒന്നുമില്ല. (2 കൊരി. 11: 13, 14). ദൈവം തങ്ങളെ സ്നേഹിക്കുന്നു എന്നോ, യേശു തങ്ങളുടെ രക്ഷയ്ക്കായി മരിച്ചു എന്നോ മനസ്സിലാക്കാതവണ്ണം ജനങ്ങളുടെ കണ്ണുകളെ ഈ ലോകത്തിൻെറ ദൈവമായ സാത്താൻ കുരുടാക്കിയിരിക്കുന്നു. എല്ലാ പാപികളും അവിശ്വാസികളും ദൈവത്തെ സംബന്ധിച്ചിടത്തോളം മൂതരും അന്ധരുമത്രേ. (എഫേ. 2: 2.) അവർ ഈ പ്രപഞ്ചത്തിൻെറ അധിപതിയായവൻെറ ആത്മാവിനാൽ ഭരിക്കപ്പെടുന്നു. ഏതുപ്രകാരമെങ്കിലും തങ്ങളുടെ നഷ്ടാവസ്ഥ കാണുവാൻ അവരുടെ കണ്ണുകൾ തുറക്കപ്പെടുന്നില്ല എങ്കിൽ അവരുടെ പോക്കു നിത്യനാശത്തിലേക്കാകുന്നു. എനിക്കു പാപമില്ല എന്നു ഒരുവൻ പറയുന്നു എങ്കിൽ അവൻ തന്നേത്തന്നെ ചതിക്കുന്നു. സാത്താൻെറ പ്രവൃത്തികളെ നശിപ്പിപ്പാനത്രേ ദൈവപുത്രൻ വന്നതു്. (1 യോഹ. 3: 8). ദൈവത്തിനു നിങ്ങളെത്തന്നെ സമർപ്പിപ്പിൻ. പിശാചിനോടു എതി



Copyright ANGP

ത്തുനില്പിൻ. എന്നാൽ അവൻ നിങ്ങളെവിട്ടു് ഓടിപ്പോകും. ദൈവത്തോടു അടുത്തുചെല്ലുവിൻ എന്നാൽ അവൻ നിങ്ങളോടടുത്തുവരും. (യാക്കോബ്യ് 4: 7, 8).

നിങ്ങൾ ഈ പുസ്തകം വായിക്കയും ഇതിലെ ചിത്രങ്ങൾ നന്നായി പഠിക്കയും ചെയ്താൽ നിങ്ങളുടെ സ്വന്തഹൃദയം കാണ്മാൻ നിങ്ങൾക്കു കഴിയും. നിങ്ങളുടെ ഹൃദയത്തിന്റെ സ്ഥിതി കാണിച്ചുതരുവാൻ ദൈവത്തിന്റെ അന്വേഷണദീപം നിങ്ങളിലേക്കു കടക്കട്ടെ. നിങ്ങളുടെ പാപങ്ങളെ നിരാകരിക്കാതെ സമ്മതിപ്പിൻ. ദൈവവചനം എന്തു പറയുന്നു. "നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു. സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏററു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങൾ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു." (1 യോഹ. 1: 10.) അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവുംപോക്കി നമ്മെ ശുദ്ധീകരിക്കുന്നു.

നിങ്ങൾ ഒന്നുകിൽ സാത്താനാൽ അല്ലെങ്കിൽ ദൈവത്താൽ ഭരിക്കപ്പെടുന്നു. നിങ്ങൾ പാപത്തിനു് അടിമയോ അല്ലെങ്കിൽ ദൈവത്തിനു ദാസനോ ആകുന്നു. പാപമാണു നിങ്ങളെ ഭരിക്കുന്നതെങ്കിൽ ആ പരമാത്ഥം നിഷേധിക്കേണ്ടാ. ദൈവത്തോടു നിലവിളിക്ക. അവിടുന്നു യേശുക്രിസ്തുമൂലം നിങ്ങളെ വിടുവിക്കും. പാപികളെ രക്ഷിപ്പാനും അവരെ സാത്താന്റേയും പാപത്തിന്റേയും ശക്തിയിൽനിന്നു വിടുവിപ്പാനും ലോകത്തിൽ വന്നതു് യേശുവാകുന്നു. നമ്മുടെ വീണ്ടെടുപ്പു് അവിടുന്നുതന്നെ. നിങ്ങളുടെ സകല രഹസ്യങ്ങളും മറഞ്ഞിരിക്കുന്ന ചിന്തകളും, പ്രവൃത്തികളുംകൂടെ കാണ്മാൻ കഴിവുള്ള ഒരു വിശുദ്ധ ദൈവത്തിന്റെ സന്നിധിയിൽ ആകുന്നു നിങ്ങൾ ജീവിക്കുന്നതു്. നിങ്ങൾക്കോ, നിങ്ങളുടെ പ്രവൃത്തികൾക്കോ ദൈവത്തിൽനിന്നു മറഞ്ഞിരിക്കുക സാദ്ധ്യമല്ല. "ചെവിയെ നട്ടവൻ കേൾക്കയില്ലയോ, കണ്ണിനെ നിർമ്മിച്ചവൻ കാണുകയില്ലയോ". യഹോവയുടെ കണ്ണു് തങ്കൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവക്കുവേണ്ടി തന്നെത്താൻ ബലവാൻ എന്നു കാണിക്കേണ്ടതിനു ഭൂമിയിൽ എല്ലാടവും ഊടാടിക്കൊണ്ടിരിക്കുന്നു. (2 ദിന. 16: 9). അവന്റെ ദൃഷ്ടി മനുഷ്യന്റെ വഴികളിന്മേൽ ഇരിക്കുന്നു. അവന്റെ നടപ്പു ഒക്കെയും അവൻ കാണുന്നു. ദുഷ്പ്രവൃത്തിക്കാക്കു ഒളിച്ചുകൊള്ളേണ്ടതിനു് അവിടെ ഇരുട്ടും ഇല്ല, അന്ധതമസ്സും ഇല്ല. (ഇയ്യോബ്യ് 34:

Copyright ANGP

21, 22). യേശുവോ എല്ലാവരേയും അറികകൊണ്ടു് തന്നത്താൻ അവരുടെ പക്കൽ വിശ്വസിച്ചേല്പിച്ചില്ല. (യോഹ. 2: 24).


ആകയാൽ ലംഘനം ക്ഷമിച്ചും, പാപം മറെച്ചും കിട്ടിയ മനുഷ്യൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ (സങ്കീ. 32: 1, 2). 51-ാം സങ്കീർത്തനവും വായിക്കുക. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ എല്ലാവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും എന്നിപ്രകാരം യേശു ഇന്നും വിളിക്കുന്നു. (മത്തായി 11: 28, 30).

# ചിത്രങ്ങളുടെ വിശദീകരണം

## ചിത്രം 1

Copyright ANGP

ഈ ലോകത്തിന്റെ ആത്മാവിനാലും ജഡത്തിന്റെ ആശ ഇച്ഛകളാലും ഭരിക്കപ്പെട്ടു് ലൌകീകനും പുതുജനനം പ്രാപിക്കാത്തവനും ആയ ഒരു പുരുഷന്റേയോ സ്ത്രീയുടെയോ ഹൃദയസ്ഥിതി അത്രേ ഈ ചിത്രം വെളിപ്പെടുത്തുന്നതു്. ഇപ്രകാരം ഉള്ളവരെ സത്യവേദം പാപികൾ എന്നു വിളിക്കുന്നു. ദൈവം കാണുന്നപ്രകാരം ഒരു ഹൃദയത്തിന്റെ യഥാർത്ഥ ചിത്രമത്രേ ഇതു്. സദൃശ. 23: 29-35 വരെ പറഞ്ഞിരിക്കുന്ന പ്രകാരം ഇവന്റെ ചുവന്നും കലങ്ങിയുമുള്ള കണ്ണുകൾ മദ്യപാനത്തെ വെളിപ്പെടുത്തുന്നു. "ആൎക്കു കഷ്ടം, ആൎക്കു സങ്കടം, ആൎക്കു കലഹം? ആൎക്കു ആവലാതി, ആൎക്കു അനാവശ്യമായ മുറിവുകൾ, ആൎക്കു കൺചുവപ്പു? വീഞ്ഞുകുടിച്ചുകൊണ്ടു് നേരം വൈകിക്കുന്നവൎക്കും മദ്യം രുചി നോക്കുവാൻ പോകുന്നവൎക്കും തന്നെ. വീഞ്ഞു ചുവന്നു പാത്രത്തിൽ തിളങ്ങുന്നതും രസമായി ഇറക്കുന്നതും നീ നോക്കരുതു്. ഒടുക്കം അതു് സർപ്പംപോലെ കടിക്കും. അണലിപോലെ കൊത്തും. നിന്റെ കണ്ണു പരസ്ത്രീകളെ നോക്കും."




## 1. പാപികളുടെ ഹൃദയം

മേൽക്കാണുന്ന മനുഷ്യന്റെ ഹൃദയചിത്രത്തിൽ (ശിരസ്സിനു താഴെ) പല തരത്തിലുള്ള ജന്തുക്കളെ കാണുന്നു. ഇവ മനുഷ്യഹൃദയത്തിൽ കുടിയിരിക്കുന്ന പലതരത്തിലുള്ള പാപങ്ങൾ ആകുന്നു. ദൈവം തന്റെ ദാസനായ യിരെമ്യാവു് മുഖാന്തരം ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു. ഹൃദയം എല്ലാററിനേക്കാളും കപടവും വിഷമവും ഉള്ളതു്. അതു് ആരാഞ്ഞറിയുന്നവൻ ആർ? (യിരെമ്യാ. 17: 9). യേശുതന്നെ ഈവാക്യം സ്ഥിരീകരിച്ചി

രിക്കുന്നു. (മർക്കൊ. 7: 21–23). അകത്തുനിന്നു, മനുഷ്യരുടെ ഹൃദയത്തിൽ നിന്നുതന്നെ, ദുശ്ചിന്ത, വ്യഭിചാരം പരസംഗം, കുലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്കാമം, വിടക്കുകണ്ണു്, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നു. ഈ ദോഷങ്ങൾ എല്ലാം അകത്തുനിന്നു പുറപ്പെട്ടു മനുഷ്യനെ അശുദ്ധനാക്കുന്നു എന്നും പറഞ്ഞിരിക്കുന്നു.

**1. മയിൽ.** മയിലിന്റെ സൌന്ദര്യം എല്ലാവരാലും പുകഴപ്പെട്ടതാണെങ്കിലും മനുഷ്യഹൃദയത്തിൽ അതു് നിഗളമാകുന്ന പാപത്തെ കുറിക്കുന്നു. ദൈവത്തിന്റെ അഭിഷിക്ത കെരൂബ് ആകുന്ന ലൂസിഫർ ദൈവത്തിന്റെ ദീപവാഹകനും ദൂതനുമായിരുന്നു. എങ്കിലും അവൻ നിഗളം മൂലം വീഴുകയും ദൈവത്തിന്റെ ശത്രുവായ പിശാചായി മാറുകയും ചെയ്തു. (യെശയ്യാ 14: 9–17, യെഹസ്കേ. 28: 12–17).

Copyright ANGP

നിഗളം നരകത്തിന്റെ അഗാധത്തിൽനിന്നും പുറപ്പെട്ടുവരുന്നു പല വിധത്തിൽ വെളിപ്പെടുന്നു. ചിലർ തങ്ങളുടെ ധനത്തെക്കുറിച്ചും മററു ചിലർ തങ്ങളുടെ ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ചും ഇതരർ ലജ്ജാരഹിതരായി തങ്ങൾ ധരിച്ചിരിക്കുന്നതും തങ്ങളുടെ ശരീരരൂപം വെളിയിൽ കാണിക്കുന്നതുമായ പരിഷ്കൃതവസ്ത്രങ്ങളെക്കുറിച്ചും, വിശേഷമായ ആഭരണങ്ങളെക്കുറിച്ചും നിഗളിക്കുന്നു. യെശയ്യാ 3: 17–24 വരെയുള്ള വാക്യങ്ങളിൽ വളരെ ഭംഗിയായി ഈ വിഷയം വർണ്ണിക്കുന്നു. ചിലർ തങ്ങളുടെ പൂർവ്വികന്മാരെക്കുറിച്ചും, ജാതി, സംസ്കാരം, കലാവിദ്യ ഇവകളെക്കുറിച്ചും നിഗളമുള്ളവർ അത്രെ. നിഗളികളോടു ദൈവം എതിർത്തു നില്ക്കുന്നു. താഴ്മയുള്ളവർക്കോ കൃപ നൽകുന്നു എന്നുള്ള വചനം അവർ മറന്നുകളയുന്നു. (1പത്രൊ. 5: 5). ഡംഭം, അഹങ്കാരം ഇവയെ ദൈവം പകയ്ക്കുന്നു. (സദൃശ. 8: 13). നാശത്തിനുമുമ്പെ ഗർവ്വം, വീഴ്ചയ്ക്കുമുമ്പേ ഉന്നതഭാവം. (സദൃശ. 16: 28).

**2. ആട്ടുകൊററൻ.** ജഡമോഹം, അസന്മാർഗ്ഗം, ദുർനടപ്പു് വേശ്യാവൃത്തി ഇവയ്ക്കു സാദൃശ്യമാകുന്നു. ഈ അന്ത്യകാലത്തു് മേൽപറയപ്പെട്ട പാപങ്ങൾ വളരെ അധികം വർദ്ധിച്ചിരിക്കുന്നു. അന്ത്യകാലം സോദോമിന്റെയും, ഗോമോറയുടെയും നാളുകളെപ്പോലെ ആയിരിക്കുമെന്നു് യേശുക്രിസ്തു രണ്ടായിരം വർഷങ്ങൾക്കുമുൻപു് പ്രസ്താവിച്ചതു് ഏററവും പരമാർത്ഥമായിരിക്കുന്നു. ആധുനികമായ ഒരുവക ആത്മാവു്

സ്ത്രീപുരുഷന്മാരെ പിടികൂടി മതഭക്തിയുള്ള ഭവനങ്ങളെ അധഃപതിപ്പിക്കയും നമ്മുടെ മതസ്ഥാപനങ്ങൾ, കലാശാലകൾ, ഹോസ്റ്റലുകൾ ഇവയെ ദൂഷിപ്പിക്കയും ചെയ്തിരിക്കുന്നതുകൂടാതെ മനുഷ്യഹൃദയങ്ങളിൽ നശീകരണത്തിൻെറ വിത്തുവിതയ്ക്കുകയും ചെയ്തിരിക്കുന്നു. നാടകശാലകൾ, സിനിമാ നിലയങ്ങൾ, ആഭാസമായ പ്രസിദ്ധീകരണങ്ങൾ ഇവമൂലവും മററനേകവിധങ്ങളിലും പാപത്തെ നിറം മാററി ഇന്നത്തെ സദാചാര നിലയാക്കിത്തീർത്തിരിക്കുന്നു. അനേകലക്ഷം യുവാക്കൾ ആദർശപരമായ ജീവിതങ്ങൾ കണ്ടെത്തുന്നത് സിനിമാകളിലും നോവലുകളിലുമാകുന്നു. അങ്ങനെ ചെയ്യുന്നതിനാൽ തങ്ങൾ വിഷമതകളിലും ലജ്ജാകരമായ ആത്മദുഃഖത്തിലുമാണ് ചെന്നെത്തുന്നതെന്നു മനസ്സിലാക്കുന്നില്ല. അസന്മാർഗ്ഗത്തിലും, അഴിഞ്ഞ ജീവിതത്തിലും കാലം കഴിക്കുന്ന നടന്മാരും, നടികളും ഇന്നത്തെ യുവതലമുറയുടെ നായകന്മാരും, നായകിമാരുമായിത്തീർന്നിരിക്കുകയാണ്. നൃത്തശാലകളും ദുർനടപ്പിൻെറ വിളനിലമായിരിക്കുന്നു. യോസേഫ് മുതലായ ദൈവത്തിൻെറ വിശുദ്ധ വീരന്മാർക്ക് ഇന്നു സ്ഥാനമില്ല. അവരെ ഇന്നാരും മാതൃകയാക്കുന്നില്ല. വ്യഭിചാരികളെ മരണശിക്ഷയ്ക്കുവിധിക്കുന്ന അപരിഷ്കൃതരായ 'സുളു' ജാതിക്കാരിൽനിന്നുപോലും നമ്മുടെ പരിഷ്കൃത തലമുറയ്ക്ക് ചിലതെല്ലാം പഠിക്കുവാൻ ഉണ്ട്. ന്യായവിധി ദിവസത്തിൽ അവർ നമുക്കു വിരോധമായി എഴുന്നേററു നില്ക്കുകയും ചെയ്യും. ദുർനടപ്പ് ആചരിപ്പാനല്ല, അതു് വിട്ട് ഓടുവാനാണ് ദൈവം നമ്മെ ഉപദേശിക്കുന്നത്. "മനുഷ്യൻ ചെയ്യുന്ന ഏതു പാപവും അവൻെറ ശരീരത്തിൻപുറമേ ആകുന്നു. എന്നാൽ ദുർനടപ്പ് ആചരിക്കുന്നവൻ തൻെറ ശരീരത്തിനു വിരോധമായി പാപം ചെയ്യുന്നു. നിങ്ങളുടെ ശരീരം പരിശുദ്ധാത്മാവിൻെറ ആലയം എന്നും നിങ്ങൾ നിങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ. (1കൊരി. 6: 18, 19). ദൈവത്തിൻെറ ആലയം അശുദ്ധമാക്കുന്നവരെ ദൈവം നശിപ്പിക്കും. ദൈവത്തിൻെറ ആലയം വിശുദ്ധമാകുന്നു. അതു് നിങ്ങൾ തന്നെ. (1 കൊരി. 3: 17).

**3. പന്നി.** മദ്യപാനം, അമിതഭക്ഷണം, എന്നീ പാപങ്ങളെ കുറിക്കുന്നു. ഇതൊരു വൃത്തികെട്ട മൃഗമാണ്. പോകുന്ന വഴിയിൽ കാണുന്ന എല്ലാവററെയും ശുദ്ധമായാലും, അശുദ്ധമായാലും അതു തിന്നുന്നു. അതുപോലെതന്നെ ഒരു പാപമുള്ള ഹൃദയം അശുദ്ധനിർദ്ദേശങ്ങൾ, വൃത്തികെട്ട പ്രകടനങ്ങൾ, ദൂഷിച്ച ചിത്രങ്ങൾ, ചീത്തയായ പ്രസി



Copyright AICR

ദ്ധീകരണങ്ങൾ ഇവയെല്ലാംചെയ്തുവരുന്നു. ജീവനുള്ള ദൈവത്തിന്റെ ആലയമാവാൻ നിയമിക്കപ്പെട്ടിരിക്കുന്ന ശരീരം അശുദ്ധഭക്ഷണം, പുകവലി, വെററമുറുക്ക്, കറുപ്പ് തീററി മുതലായ ദുഃസ്വഭാവങ്ങളാൽ അശുദ്ധമാക്കപ്പെടുന്നു. പുകയില ഉപയോഗിക്കുക, കറുപ്പുതിന്നുക, മുതലായ ദുഃസ്വഭാവങ്ങൾ മറെറാരിക്കലും ഇല്ലാത്തവിധം ഇന്നു് സ്ത്രീ പുരുഷന്മാരെ ഗ്രസിച്ചിരിക്കയാണ്. പുകയിലയ്ക്കു് അടിമകളായ സാത്താന്റെ ദാസന്മാരെ ദൈവശക്തിക്കുമാത്രമെ വിടുവിപ്പാൻ കഴികയുള്ളൂ. മതഭക്തന്മാരായ ജനങ്ങൾ ആലയങ്ങളിൽ പുകവലിക്കാറില്ല. ദൈവാലയം വിശുദ്ധം എന്നു കരുതുന്നതിനാലാണ് അങ്ങനെ ചെയ്യാത്തതു്. എന്നാൽ സാക്ഷാൽ ദൈവത്തിന്റെ ആലയമായ ശരീരത്തെ ഇത്യാദി വസ്തുക്കളാൽ അശുദ്ധമാക്കുവാൻ അവൻ മടിക്കയുമില്ല. നിങ്ങളുടെ ശരീരം ദൈവത്തിന്റെ ആലയമാകുന്നു എന്നും ദൈവത്തിന്റെ പരിശുദ്ധാത്മാവു് നിങ്ങളിൽ അധിവസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ എന്നു് അപ്പൊസ്തലനായ പൌലൊസ് ചോദിക്കുന്നു. തന്റെ ആലയത്തെ അശുദ്ധമാക്കുന്നവനെ ദൈവം നശിപ്പിക്കും. 1 കൊരി. 3: 16, 17; 6: 18, 19. പെരുവയറനും (പെരും തിന്നനും) ദൈവസന്നിധിയിൽ അറെക്കപ്പെട്ടവൻ ആകുന്നു. നാം ജീവിപ്പാനായി ഭക്ഷിക്കുന്നു. അല്ലാതെ ഭക്ഷിപ്പാനായി ജീവിക്കുകയല്ല. ശുദ്ധമായ ഭക്ഷ്യപദാർത്ഥങ്ങൾ ഭക്ഷിക്കുന്നതിനാൽ നാം തൃപ്തിപ്പെടുന്നു. എന്നാൽ മോഹമാകട്ടെ എല്ലായ്പോഴും തരിക, തരിക എന്നു നിലവിളിച്ചുകൊണ്ടിരിക്കും.

മോഹം ഒരിക്കലും തൃപ്തിപ്പെടുകയില്ല. അതിനു മതിവരികയുമില്ല. പഴയ നിയമപ്രമാണപ്രകാരം അതിഭക്ഷകനും, കുടിയനും കല്ലെറിഞ്ഞു കൊല്ലപ്പെടേണ്ടിയിരുന്നു. (ആവത്തി. 21: 18–21). കുടിയനും, അതിഭക്ഷകനും ദരിദ്രരായിത്തീരും. നിദ്രാലുത്വം പഴന്തുണി ഉടുക്കുമാറാക്കും. അതിഭക്ഷകന്മാർക്കു സഖിയായവൻ തന്റെ അപ്പനു് അപമാനം വരുത്തും. (സദൃശ. 23: 21; 28: 7). അതിഭക്ഷകനും, മോഹത്തിനടിമയുമായ ഒരു ധനികൻ മരിച്ചു നരകത്തിൽ ചെന്നപ്പോൾ പറഞ്ഞറിയിക്കാൻ വയ്യാത്ത യാതനയിൽ അവന്റെ കണ്ണുകൾ മേലോട്ടുയർത്തി എന്ന വിഷയം ഓർത്തുകൊൾക. മദ്യപാനത്തിന്റെ ദോഷം വർണ്ണിക്കേണ്ടതില്ല. അത്ര നിസ്സാരമായി കരുതിക്കൂടാതവണ്ണം അതിന്റെ ദുഷ്ഫലങ്ങൾ വ്യക്തമാണ്. മദ്യപാനി സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ലാ എന്നതു് ദൈവവചനത്തിൽ തെളിവായി പറഞ്ഞിരിക്കുന്ന വിഷയമാണ്. അതു് മനസ്സിനെ ബാധി



Copyright ANGP

ക്കയും കലക്കുകയും ചെയ്യുന്ന ഒരു മരണഹേതുകമായ പാനീയമാണ്. അതു കുടിച്ചവർ ബുദ്ധിഹീനമായി പ്രവർത്തിക്കും. മദ്യത്തിന്റെ ലഹരിയിൽ അസന്മാർഗ്ഗവും, കുലപാതകവും സംഭവിക്കും. മററു സമയങ്ങളിൽ ചെയ്യാത്ത പല പ്രവൃത്തികളും മദ്യലഹരിയിൽ മനുഷ്യൻ ചെയ്യും. വീഞ്ഞു പരിഹാസിയും, മദ്യം കലഹക്കാരനും ആകുന്നു. അതിനാൽ ചാഞ്ചാടി നടക്കുന്ന ആരും ജ്ഞാനിയാകയില്ല. സദൃശ. 20: 1.

ലഹരിപദാർത്ഥങ്ങൾ ഉണ്ടാക്കിവില്ക്കുന്നവരും ദൈവസന്നിധിയിൽ കുററക്കാർ തന്നെയാണ്. ദൈവവചനം ഇങ്ങനെ പറയുന്നു. വീഞ്ഞു കുടിപ്പാൻ വീരന്മാരും, മദ്യം കലർത്തുവാൻ ശൂരന്മാരുമായുള്ളവർക്ക്........ അയ്യോ കഷ്ടം. യെശയ്യാ. 5: 22. കൂട്ടുകാരുടെ നഗ്നത കാണേണ്ടതിനു അവർക്കു കുടിപ്പാൻ കൊടുക്കയും നഞ്ചുകൂട്ടിക്കലർത്തി ലഹരി പിടിപ്പിക്കയും ചെയ്യുന്നവനു അയ്യോ കഷ്ടം. ഹബക്കൂക്ക്. 2: 15. അവരുടെ വിരുന്നുകളിൽ കിന്നരവും, വീണയും, തപ്പും, കുഴലും, വീഞ്ഞും ഉണ്ട്. എന്നാൽ യഹോവയുടെ പ്രവൃത്തി അവർ നോക്കുന്നില്ല. യെശയ്യാ 5: 12. അന്യായം ചെയ്യുന്നവൻ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു അറിയുന്നില്ലയോ. നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ. ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല. (1 കൊരി. 6: 9, 10.) നമ്മുടെ ജഡസ്വഭാവത്തിൽനിന്നു ഉത്ഭവിക്കുന്ന പാപങ്ങൾ പാതിവ്രത്യമില്ലായ്മ, അശുദ്ധം, മര്യാദകേട്, വിഗ്രഹാരാധന, ആഭിചാരം, കലഹം, വിരോധം, അസൂയ, ദുഷ്കാമം, മത്സരം, ഭിന്നത, മദ്യപാനം മുതലായവയാകുന്നു. ഇത്യാദി പാപങ്ങൾക്കധീനരായവർക്കു ദൈവത്തിന്റെ രാജ്യത്തിൽ സ്ഥാനമുണ്ടാകയില്ല. വീഞ്ഞുകുടിച്ചു മത്തരാകരുതു്. അതിനാൽ ദുർന്നടപ്പ് ഉണ്ടാകുമല്ലോ. ആത്മാവിനാൽ നിറഞ്ഞിരിപ്പിൻ. (എഫെ. 5: 12).

ദാഹിക്കുന്നവൻ എന്റെ അടുക്കൽ വരട്ടെ. അവനു ഞാൻ ജീവജലം സൌജന്യമായി കൊടുക്കും. (യോഹ. 7: 37, 38). അല്ലയോ ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരും ആയുള്ളോരേ, വെള്ളത്തിനു വരുവിൻ. വന്നു വാങ്ങി തിന്നുവിൻ , നിങ്ങൾ വന്നു ദ്രവ്യവും, വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ. ഞാൻ കൊടുക്കുന്ന ജീവന്റെ വെള്ളം കുടിക്കുന്നവനു ഒരു നാളും ദാഹിക്കയില്ല. ഞാൻ കൊടുക്കുന്ന

Copyright ANGP

വെള്ളം കുടിക്കുന്നവന്റെ ഉള്ളിൽ നിന്നു് നിത്യജീവന്റെ നീരുറവ ഉണ്ടായിവരും (യോഹ· 4: 14).

4. **ആമ.** അലസത, മടി, മന്ത്രവാദം ഇവയെ കുറിക്കുന്നു. അവിശ്വാസം, ആഭിചാരംപോലെ പാപംതന്നേ. മടിയന്റെ കൊതി അവനു മരണഹേതു. വേല ചെയ്യാൻ അവന്റെ കൈകൾ മടിക്കുന്നു വല്ലോ. ചിലർ നിത്യം അത്യാഗ്രഹത്തോടെ ഇരിക്കുന്നു. സദൃ. 21: 25,26. അലസരായിരിക്കാതെ കടന്നുചെന്നു് ദേശത്തെ അവകാശമാക്കുവിൻ എന്നു് യോശുവ തന്റെ ജനത്തെ ഉപദേശിച്ചു. ദൈവകാര്യങ്ങൾ കരസ്ഥമാക്കുന്നതിൽ മനുഷ്യസ്വഭാവം വളരെ അലസവും മടിയുമുള്ളതുമാണു്. ഇടുക്കുവാതിലിൽക്കൂടെ അകത്തു കടപ്പാൻ പോരാടുവിൻ എന്നു യേശു ഉപദേശിച്ചിരിക്കുന്നു. ലൂക്കോ. 18: 24. അന്വേഷിക്കുന്നവൻ കണ്ടെത്തും. സ്വർഗ്ഗരാജ്യം ബലാല്ക്കാരം ചെയ്യപ്പെടുന്നു. ബലാല്ക്കാരികൾ അതു് പിടിച്ചടക്കുന്നു. മത്താ. 11: 12. നമ്മുടെ ആത്മാവിന്റെ നന്മയെക്കുറിച്ചും, രക്ഷയെക്കുറിച്ചും അലസരായിരുന്നാൽ നാശമത്രേ ഫലം. അതു നമ്മെ പ്രാർത്ഥനയിൽനിന്നും, ദൈവത്തിന്റെ ആഴങ്ങളെ ആരായുന്നതിൽനിന്നും, അവിടുത്തെ വാഗ്ദത്ത ധനങ്ങളെ കൈവശമാക്കുന്നതിൽനിന്നും പിന്തിരിപ്പിക്കുന്നു. നാശത്തിലേക്കു നമ്മെ വഴിനടത്തുകയും ചെയ്യുന്നു. നിങ്ങളുടെ ഹൃദയത്തെ ദൈവത്തിനു സമർപ്പിപ്പാൻ ദൈവം ഇന്നു് നിങ്ങളോടു് ആജ്ഞാപിക്കുമ്പോൾ നാളയോ, മറ്റെതെങ്കിലും സൗകര്യമുള്ള ദിവസമോ മതി എന്നു് പിശാചു് നിങ്ങളെ ഗുണദോഷിക്കും. ആ "നാളെ" പിന്നീടൊരിക്കലും വന്നു എന്നു വരികയില്ല. നിങ്ങൾ രക്ഷ കണ്ടെത്താതെയും, ക്രിസ്തുവിനെ കൂടാതെയും കാലയവനികയിൽ പോയി മറയുകയും ചെയ്യും. ഇന്നു നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ നിങ്ങളുടെ ഹൃദയം കഠിനമാക്കരുതു്. ഇതാകുന്നു ദൈവവചനം. (എബ്രാ. 3: 7, 8). രക്ഷിക്കപ്പെടുവാൻ തങ്ങൾക്കു സൌകര്യപ്രദമായ മറ്റൊരു ദിവസം കണ്ടെത്തുവാൻ കഴിയാതെ നശിച്ചുപോയവർ അനേകർ ആകുന്നു. 'നാളെ' എന്ന ദിവസം നിങ്ങൾക്കുള്ളതല്ല.

ആമയോട്ടി മന്ത്രവാദികൾ തങ്ങളുടെ ക്ഷുദ്രപ്രയോഗത്തിനായി ഉപയോഗിക്കുന്നു. ജീവനുള്ള ദൈവത്തെ ആശ്രയിക്കാതെ മന്ത്രവാദം, പ്രശ്നം വയ്ക്കൽ, ശുഭാശുഭദർശനം ഇവയിൽ വ്യാപൃതരായിരിക്കുന്നതു് പാപമാകുന്നു. വിശിഷ്യാ, പരിശോധനകളും, രോഗങ്ങളും വരുമ്പോൾ, വിഷമതകളോ, വീടുകളിൽ മരണമോ സംഭവിക്കുമ്പോൾ നാം ദൈവത്തെ



Copyright ANGP

നോക്കി വിളിക്കേണ്ടവരാണ്. അവിടുന്നു നമ്മെ സഹായിപ്പാൻ സദാ സന്നദ്ധനാണല്ലോ. അല്ലാതെ ഭാഗ്യപരീക്ഷണത്തിനു ഒരുമ്പെടുന്നതു നന്നല്ല. ഒരു മനുഷ്യന്റെ വഴിയിൽ പ്രസാദം തോന്നിയാൽ യഹോവ അവന്റെ ഗമനം സ്ഥിരമാക്കുന്നു. ഇതാകുന്നു വേദോക്തം. സങ്കീ. 37: 21. നിങ്ങളിൽ ദീനമായിക്കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും. കർത്താവു് അവനെ എഴുന്നേല്പിക്കും. അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോടു ക്ഷമിക്കും. എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിന്നു് തമ്മിൽ പാപങ്ങളെ ഏററു പറഞ്ഞു് ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു. (യാക്കോബ്ബ് 5: 14–16). കിഴക്കുനിന്നല്ല, പടിഞ്ഞാറുനിന്നല്ല, തെക്കുനിന്നുമല്ല ഉയർച്ച വരുന്നതു്. ദൈവം ന്യായാധിപതി ആകുന്നു (സങ്കീ.25: 6, 7). തന്റെ മകനേയോ, മകളേയോ അഗ്നിപ്രവേശം ചെയ്യിക്കുന്നവൻ, പ്രശ്നക്കാരൻ, മുഹൂർത്തക്കാരൻ, ആഭിചാരകൻ, ക്ഷുദ്രക്കാരൻ, മന്ത്രവാദി, വെളിച്ചപ്പാടൻ, ലക്ഷണം പറയുന്നവൻ, അഞ്ജനക്കാരൻ എന്നിങ്ങനെയുള്ളവരെ നിങ്ങളുടെ ഇടയിൽ കാണരുതു്. ഈ കാര്യങ്ങൾ ചെയ്യുന്നവനെല്ലാം യഹോവയ്ക്കു വെറുപ്പ് ആകുന്നു. ഇങ്ങനെയുള്ള മ്ലേച്ഛതകൾ നിമിത്തം നിന്റെ ദൈവമായ യഹോവ അവരെ നിന്റെ മുമ്പിൽനിന്നു നീക്കിക്കളയുന്നു. (ആവർത്തനം 18: 10–12). നായ്ക്കളും, ക്ഷുദ്രക്കാരും, ദുർന്നടപ്പുകാരും, കൊലപാതകന്മാരും, ബിംബാരാധികളും, ഭോഷ്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കയും ചെയ്യുന്ന ഏവനും പുറത്തുതന്നേ. (വെളി. 22: 15). വെളിച്ചപ്പാടന്മാരുടേയും, മന്ത്രവാദികളുടേയും അടുക്കൽ പോകരുതു്. അവരാൽ അശുദ്ധരായിത്തീരത്തക്കവണ്ണം അവരെ അന്വേഷിക്കരുതു്. ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു. (ലേവ്യ. 19. 31). വെളിച്ചപ്പാടന്മാരോടും, ചിലയ്ക്കുകയും ജപിക്കുകയും ചെയ്യുന്ന ലക്ഷണവാദികളോടും അരുളപ്പാടു ചോദിപ്പിൻ എന്നു് അവർ നിങ്ങളോടു പറയുന്നു എങ്കിൽ ജനം തങ്ങളുടെ ദൈവത്തോടല്ലയോ ചോദിക്കേണ്ടതു്. ജീവനുള്ളവർക്കുവേണ്ടി മരിച്ചവരോടോ ചോദിക്കേണ്ടതു്? ഉപദേശത്തിനും സാക്ഷ്യത്തിനും വരുവിൻ. അവർ ഈ വാക്കുപോലെ പറയുന്നില്ലെങ്കിൽ അവർക്കു അരുണോദയം ഉണ്ടാകയില്ല. യെശയ്യാ. 8: 19, 20.

നിങ്ങൾ ഈ ചെറു പുസ്തകം വായിക്കുമ്പോൾ നിങ്ങളുടെ പാപങ്ങ

Copyright ANGP

ളെക്കുറിച്ച് മാനസാന്തരപ്പെടുവാനും, നിങ്ങളെത്തന്നെ ദൈവത്തിനു സമർപ്പിപ്പാനും ദൈവം നിങ്ങളെ വിളിക്കുകയാകുന്നു. എന്നാൽ ആമയുടെ ആത്മാവു് നിങ്ങളുടെ ഉള്ളിൽ ഇരുന്നുകൊണ്ടു് പലവിധത്തിലുള്ള ഒഴികഴിവുകൾ പറഞ്ഞു് നിങ്ങളുടെ ഹൃദയത്തെ ഭയംകൊണ്ടു് നിറയ്ക്കുകയും ദൈവത്തിനുവേണ്ടി ഒരു തീരുമാനം ചെയ്യാതെ നീട്ടിവയ്ക്കുവാൻ നിങ്ങളെ നിർബ്ബന്ധിക്കുകയും ചെയ്യുന്നു. ഞാൻ ഒരു സത്യക്രിസ്ത്യാനി ആയിത്തീർന്നാൽ എന്റെ ജനങ്ങളും, സ്നേഹിതന്മാരും മററു ലോകരും എന്തു പറയും ? നൃത്തപ്രകടനങ്ങളിലും മററു പാർട്ടികളിലും, തമാശകളിലും ഞാൻ പങ്കെടുക്കാൻ പോകാഞ്ഞാൽ എന്തു സംഭവിക്കും ? ക്രിസ്തുവിലുള്ള അപ്രമേയധനത്തേയും അവിടത്തെ അത്ഭുതസമാധാനം, പറഞ്ഞു തീരാത്ത സന്തോഷം, മഹത്വം, സന്തോഷപൂർണ്ണമായ നിത്യജീവൻ ഇവയും അന്വേഷിക്കുന്നതിനു പകരം ക്രിസ്തുവിനെ സ്വീകരിക്കുന്നതുകൊണ്ടു് നിങ്ങൾക്കു നഷ്ടപ്പെടാവുന്ന അല്പകാര്യങ്ങളെക്കുറിച്ചു് ചിന്തിക്കരുതു്. മനുഷ്യഭയവും, മരണഭയവും ഒന്നിച്ചുചേർന്നു് നിങ്ങളെ പൈശാചികബന്ധനത്തിൽ ആക്കിക്കളയും. കാലവിളംബം നിങ്ങളുടെ ഹൃദയത്തെ കഠിനമാക്കുകയും അതു് ആമയോട്ടിപോലെ കാഠിന്യമുള്ളതായി തീരുകയും ചെയ്യും.

5. പുള്ളിപ്പുലി. ഇതു് ഭയങ്കരവും ക്രൂരവുമായ മൃഗമാണു്. പക, കോപം, മുൻകോപം ഇവ ഒരു മനുഷ്യഹൃദയത്തെ ഭരിക്കുന്നതായാൽ ചിലപ്പോൾ കൊലപാതകത്തിൽ ചെന്നവസാനിക്കാൻ ഇടയുണ്ടു്. അതിഭയങ്കരത്തിൽ ചെന്നവസാനിക്കുന്നതിനുമുൻപു് തങ്ങളുടെ കോപത്തെ ശമിപ്പിപ്പാൻ നിങ്ങൾ പരിശ്രമിക്കുന്നുണ്ടാകും. അതു നിങ്ങളുടെ ഹൃദയത്തിൽ ഉണ്ടെന്നു് സമ്മതിക്കയും വിടുതലിനായി യേശുവിനോടപേക്ഷിക്കയും ചെയ്യുന്നതു നന്നു്. നിങ്ങളുടെ ദൃഷ്ടിയിൽ കോപം ഉണ്ടായിരിക്കരുതു്. കോപം കളഞ്ഞു് ക്രോധം ഉപേക്ഷിക്ക. മുഷിഞ്ഞുപോകരുതു്. അതു ദോഷത്തിനു ഹേതുവാകയേയുള്ളു. (സങ്കീ. 37: 8). ക്രോധം ക്രൂരവും കോപം പ്രളയവും ആകുന്നു. ജാരശങ്കയുടെ മുൻപിലോ ആർക്കു നില്ക്കാം? (സദൃശ. 27: 4). നിന്റെ മനസ്സിൽ അത്രവേഗം നീരസം ഉണ്ടാകരുതു്. മൂഢന്മാരുടെ മാർവ്വിൽ അല്ലോ നീരസം വസിക്കുന്നതു് (സഭാപ്രസംഗി 7; 9, 11: 10). ഇപ്പോഴോ നിങ്ങളും കോപം, ക്രോധം, ഈർഷ്യ ഇവയൊക്കെയും വിട്ടുകളവിൻ.

ചില ഭീരുക്കളായ മനുഷ്യർ എന്തെങ്കിലും ദോഷമോ, പ്രതികാരമോ,

Copyright ANGP

ചെയ്യുവാൻ, ഉദ്ദേശിക്കുമ്പോൾ ധൈര്യത്തിനുവേണ്ടി മദ്യം കുടിക്കാറുണ്ട്. അവരുടെ വീഞ്ഞ് മഹാസർപ്പത്തിൻ വിഷവും മൂർഖൻെറ കാളകൂടവും ആകുന്നു. പാപിയുടെ ഹൃദയത്തിന് പ്രതികാരം മധുരമാണ്. എന്നാൽ ദൈവം നമ്മുടെ പ്രതിക്രിയക്കാരനാണ്. "നിൻെറ അയല്ക്കാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കുക" എന്നതും "ശത്രുക്കളെ സ്നേഹിപ്പിൻ" എന്നതും യേശു പറഞ്ഞതാണ്. നമുക്കു വിരോധമായി കുററം ചെയ്യുന്നവരോട് നാം ക്ഷമിച്ചാൽ നമ്മുടെ പാപങ്ങൾ നമ്മോടും ക്ഷമിക്കും എന്നതാണു ദൈവവാഗ്ദത്തം. ദുശ്ശാഠ്യവും പിറുപിറുപ്പുമുള്ള ആത്മാവ് ദൈവസന്നിധിയിൽ വെറുക്കപ്പെട്ടതാണ്. രക്തച്ചൊരിച്ചിലിനും, യുദ്ധത്തിനുംവേണ്ടിയുള്ള ദുർമ്മോഹം മനുഷ്യൻെറ ഹൃദയത്തിലുണ്ട്. ആകയാൽ നിലനില്ക്കുന്ന സമാധാനം സംസ്ഥാപിക്കപ്പെടേണ്ടതു് മനുഷ്യഹൃദയത്തിൻെറ ആവശ്യമാണ്.

6. സർപ്പം. സർപ്പം ഏദെൻതോട്ടത്തിൽവച്ച് ഹവ്വയെ ചതിക്കുകയും ദൈവവുമായുള്ള മധുര സമ്പർക്കവും ഐക്യവും നശിപ്പിക്കുകയും ചെയ്തു. ലോകത്തിൻെറ ഭരണാധികാരികളായിവന്ന ആദാമും ഹവ്വായും ദൈവവുമായി പൂർണ്ണഐക്യതയിൽ ഇരിക്കുന്നതുകണ്ടപ്പോൾ വീണുപോയ ദൂതനായ സാത്താന് അസൂയ ഉണ്ടായി. എന്തെന്നാൽ ആ സ്ഥാനം മുന്നമെ ലൂസിഫറിനുള്ളതായിരുന്നു. അസൂയാഫലമായി അവരുടെ വീഴ്ചയ്ക്കുവേണ്ടി അവൻ ഒരു പദ്ധതി തയ്യാറാക്കുകയും ദൈവവുമായുള്ള അവരുടെ ഐക്യവും ജീവനും ധ്വംസിപ്പിക്കുന്നതിൽ സാത്താൻ വിജയിക്കുകയും ചെയ്തു. അതേ സാത്താന്യ അസൂയ ഇന്നും മനുഷ്യഹൃദയങ്ങളിൽ അധിവസിക്കുകയും മററുള്ളവർ സുഖമായും സന്തോഷമായും ജീവിക്കുന്നതു് കാണുമ്പോൾ അസൂയപ്പെടുകയും ചെയ്യുന്നു. "അസൂയ പാതാളം പോലെ ക്രൂരമാകുന്നു" (ഉത്തമ 8: 6). അതു മനുഷ്യഹൃദയങ്ങളിൽ ദുരുദ്ദേശം സൃഷ്ടിക്കുകയും മററുള്ളവരുടെ സന്തോഷം നശിപ്പിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു. ചിലപ്പോൾ കൊലപാതകംവരെ സംഭവിക്കാറുണ്ട്. ചിലരുടെ ദാമ്പത്യജീവിതത്തിൽ ഇങ്ങിനെ നടന്നിട്ടുള്ളതാണ്. വ്യാപാരത്തിൽ മാത്രമല്ല, ജീവിതത്തിൻെറ എല്ലാ തുറകളിലും ഇതുമൂലം അരിഷ്ടതയും വിരോധവും വന്നുകൂടുന്നു. ക്രിസ്തീയ വേലക്കാരും സഭാശുശ്രൂഷകന്മാരുംകൂടെ സാത്താൻെറ ഇവ്വിധ ആക്രമണത്തിന് ഒഴിഞ്ഞുപോയിട്ടില്ല. തങ്ങളേക്കാൾ മറെറാരുവൻ കൂടുതലായി ദൈവത്താൽ ഉപയോഗിക്കപ്പെടുന്നതു കാണുമ്പോൾ അസൂയ ഉണ്ടാകുന്നു. നിത്യ ജാഗ്രത

Copyright ANGP

യോടിരുന്ന് ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ പകരപ്പെട്ട കറയററ സ്നേഹത്താൽ എപ്പോഴും നിറഞ്ഞിരിക്കുന്നത് ഇങ്ങനെയുള്ളവർക്ക് ആവശ്യമാകുന്നു. അല്ലാത്തപക്ഷം പൈശാചികമായ അസൂയയുടെ ആത്മാവിനാൽ അവരുടെ പ്രയോജനം നഷ്ടപ്പെട്ടുപോകാൻ ഇടയുണ്ട്.

7. തവള. ഭൂമിയിൽ ജീവിക്കുന്ന പ്രസ്തുത പ്രാണി, അത്യാഗ്രഹം സകല ദോഷങ്ങളുടേയും മൂലകാരണമായ ദ്രവ്യാഗ്രഹം, എന്നീ പാപങ്ങളെ കുറിക്കുന്നു. കോംഗോയിലുള്ള ചില തവളകൾ ധാരാളം എറുമ്പുകളെ തിന്നുന്നതു കണ്ടിട്ടുണ്ട്. ഇങ്ങനെ തിന്നുതിന്ന് അവ തന്നത്താൻ പിളർക്കപ്പെട്ട് ചാവുകയാണ് ചെയ്യുന്നത്. ദുരാഗ്രഹിയായ ഒരു മനുഷ്യൻ ഒരിക്കലും തന്റെ കൈതുറന്ന് ഒരു സാധുവിനേയോ, ഞെരുക്കത്തിൽ ഇരിക്കുന്നവനേയോ സഹായിക്കാറില്ല. പ്രത്യുത പരമാർത്ഥമോ, പരമാർത്ഥ വിരുദ്ധമോ ആയ വഴികളിൽക്കൂടെ ലഭിക്കാവുന്നിടത്തോളം ധനസമ്പാദനം നടത്തി പുഴുവും, തുരുമ്പും കെടുക്കുന്ന നിക്ഷേപമായി കൂട്ടിവയ്ക്കുന്നു. യേശു പറഞ്ഞിരിക്കുന്നത് എന്താണ്.. പുഴുവും തുരുമ്പും കെടുക്കുകയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിക്ഷേപം സ്വരൂപിക്കരുത്. സ്വർഗ്ഗത്തിൽ നിക്ഷേപം ചേർത്തുകൊൾവിൻ. അവിടെ പുഴുവും തുരുമ്പും കെടുക്കുകയില്ല, കള്ളന്മാർ തുരന്നു മോഷ്ടിക്കയുമില്ല. നിങ്ങളുടെ നിക്ഷേപം എവിടെ ഇരിക്കുന്നുവോ നിങ്ങളുടെ ഹൃദയവും അവിടെതന്നേ ഇരിക്കും. (മത്തായി 6: 19–22). ആഖാൻ പൊന്നും, വെള്ളിയും വിലയേറിയ രത്നങ്ങളും വസ്ത്രങ്ങളും ആഗ്രഹിച്ചതിനാൽ അവൻ കുടുംബസഹിതം നശിച്ചു (യോശുവ. 7). യേശുവിന്റെ ശിഷ്യനായ ഇസ്കര്യോത്ത യൂദാ അത്യാഗ്രഹംമൂലം തനിക്കു കർത്താവും ഗുരുവുമായവനെ ഒററിക്കൊടുത്തു, കെട്ടിത്തൂങ്ങി മരിപ്പാൻ ഇടയായി. പണവും പൊന്നുമല്ല ദോഷകരമായിരിക്കുന്നത്. പിന്നെയോ, അതിന്മേൽ മനുഷ്യഹൃദയത്തിലുണ്ടാകുന്ന അമിതമായ സ്നേഹമാണ്.

ചൂതുകളിമൂലവും കുതിരപ്പന്തയം മുതലായ മാർഗ്ഗങ്ങളിൽക്കൂടെയും പെട്ടെന്ന് പണം സമ്പാദിക്കുന്ന ചില സ്ത്രീ പുരുഷന്മാർ ആയിരിക്കണക്കിന് തങ്ങളേത്തന്നെ നശിപ്പിക്കുന്നുണ്ട്. പ്രയാസം സഹിക്കാതെ പെട്ടെന്ന് ധനികരായിത്തീരാനുള്ള ആഗ്രഹം കവർച്ച, കൊല, ആത്മഹത്യ മുതലായ പാപങ്ങളിലേക്കു വഴിതെളിക്കുന്നു. ദ്രവ്യാഗ്രഹത്തിനും ദുരാഗ്രഹത്തിനും പല കൂട്ടുകാരുണ്ടാകും. കീർത്തിമോഹം, അധികാരമോഹം, മററുള്ളവരെ ഭരിപ്പാൻ രാഷ്ട്രീയാധികാരം, സാധുക്കളെ മർദ്ദി

Copyright AINGP

പ്പാൻ സാമ്പത്തികാധികാരം, ഒരു പ്രത്യേകസഭയിൽ കൂടുതൽ സ്നേഹവും, തീക്ഷ്ണതയും കാണിച്ച് കരസ്ഥമാക്കാവുന്ന സമുദായനേതൃത്വം ഇങ്ങനെ വിവിധകാര്യങ്ങളിൽ മനുഷ്യർക്ക് മോഹം ജനിക്കുന്നു. യഥാർത്ഥമായി ക്രിസ്തുവിനെ പിൻപററുവാൻ ആഗ്രഹിക്കുന്ന ഒരു വിശുദ്ധനുണ്ടെങ്കിൽ അദ്ദേഹത്തെ കുററം വിധിക്കയും സഭയുടെ ആദർശങ്ങളെ പിൻപററാതിരിക്കുകയും ചിലരുടെ സ്വഭാവമായിത്തീർന്നിട്ടുണ്ട് (മർക്കോസ് 9: 38).

ദ്രവ്യാഗ്രഹത്തെക്കുറിച്ച് സൂക്ഷ്മതയുള്ളവരായിരിപ്പിൻ. സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ചൊഴിഞ്ഞുകൊൾവിൻ. ഒരുത്തനു സമൃദ്ധി ഉണ്ടായാലും അവൻെറ വസ്തുവകയല്ല അവൻെറ ജീവനു ആധാരമായിരിക്കുന്നതു് (ലൂക്കോസ് 12: 15). മൂഢനായ ധനികൻെറ ചരിത്രം ഇപ്രകാരമാണല്ലോ. ധനവാനായൊരു മനുഷ്യൻെറ ഭൂമി നന്നായി വിളഞ്ഞു. അപ്പോൾ അവൻ: ഞാൻ എന്തു ചെയ്യേണ്ടു. എൻെറ വിളവു കൂട്ടിവയ്പ്പാൻ സ്ഥലംപോരാ എന്നു ഉള്ളിൽ വിചാരിച്ചു. പിന്നെ അവൻ പറഞ്ഞതു്, ഞാൻ ഇതു് ചെയ്യും. എൻെറ കളപ്പുരകളെ പൊളിച്ചു അധികം വലിയവ പണിതു എൻെറ വിളവും വസ്തുവകയും എല്ലാം അതിൽ കൂട്ടിവയ്ക്കും. എന്നിട്ട് എന്നോടുതന്നേ, നിനക്ക് ഏറിയ ആണ്ടുകൾക്കു മതിയായ അനവധി വസ്തുവക സമ്പാദിച്ചു വച്ചിരിക്കുന്നു. ആശ്വസിക്ക, തിന്നുക, കുടിക്ക, ആനന്ദിക്ക എന്നു പറയും. ദൈവമോ അവനോട്, മൂഢാ, ഈ രാത്രിയിൽ നിൻെറ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കിവച്ചതു ആർക്കാകും എന്നു പറഞ്ഞു. ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കുതന്നേ നിക്ഷേപിക്കുന്നവൻെറ കാര്യം ഇങ്ങനെ ആകുന്നു" (ലൂക്കോസ് 12: 16-21). ഒരു മനുഷ്യൻ സർവ്വലോകവും നേടുകയും തൻെറ ജീവനെ കളകയും ചെയ്താൽ അവനു എന്തു പ്രയോജനം ? (മർക്കോ. 8: 36). അവൻ തൻെറ ശിഷ്യന്മാരോടു പറഞ്ഞതു് ആകയാൽ എന്തു തിന്നും എന്നു് ജീവനായിക്കൊണ്ടും, എന്തു ഉടുക്കും എന്നു് ശരീരത്തിനായിക്കൊണ്ടും വിചാരപ്പെടരുതു് എന്നു ഞാൻ നിങ്ങളോടു പറയുന്നു (ലൂക്കോ. 12: 22). നിങ്ങളുടെ നിക്ഷേപം ഉള്ളിടത്തു് നിങ്ങളുടെ ഹൃദയവും ഇരിക്കും (ലൂക്കോ. 12: 22-32).

**8. സാത്താൻ.** ഭോഷ്കിനും, ഭോഷ്കിൽ പ്രിയപ്പെടുന്നവർക്കും പിതാവും, പാപകർമ്മങ്ങൾക്കു കാരണക്കാരനും, ഹൃദയത്തിൻെറ ഭരണകർത്താവും അത്രേ സാത്താൻ. യേശു ഒരിക്കൽ ഇപ്രകാരം പറയുകയു

Copyright ANCP

ണ്ടായി. നിങ്ങൾ പിശാച് എന്ന പിതാവിന്റെ മക്കൾ. നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്യാനും ഇച്ഛിക്കുന്നു. അവൻ ആദിമുതൽ കൊലപാതകൻ ആയിരുന്നു. അവനിൽ സത്യം ഇല്ലായ്കകൊണ്ട് സത്യത്തിൽ നില്ക്കുന്നതുമില്ല. അവൻ ഭോഷ്ക് പറയുമ്പോൾ സ്വന്തത്തിൽ നിന്ന് എടുത്തുപറയുന്നു. അവൻ ഭോഷ്കു പറയുന്നവനും, അതിന്റെ അപ്പനും ആകുന്നു. (യോഹ. 8: 43, 44). ഒരു ചെറിയ വ്യാജം വലിയ വ്യാജത്തെപ്പോലെതന്നെ ദോഷകരമാകുന്നു. പറയപ്പെട്ടതും, എഴുതപ്പെട്ടതും, ചെയ്യപ്പെട്ടതുമായ വ്യാജം ഉണ്ട്. കപടഭക്തൻ കള്ളനാകുന്നു. എന്തെന്നാൽ അവൻ ഇല്ലാത്തതു് നടിച്ചുകാണിക്കുന്നു. ദൈവത്തിനു ഭോഷ്കുപറയുക സാദ്ധ്യമല്ല. അതുപോലെതന്നെ ഒരു ക്രിസ്ത്യാനിക്കും. (തീത്തൊ. 1: 2). അവനോടു കൂട്ടായ്മ ഉണ്ടു എന്നു പറകയും ഇരുട്ടിൽ നടക്കയും ചെയ്താൽ നാം ഭോഷ്ക് പറയുന്നു. സത്യം പ്രവർത്തിക്കുന്നതുമില്ല. (1 യോഹ 1: 6). നായ്ക്കളും, ക്ഷുദ്രക്കാരും, ദുർന്നടപ്പുകാരും, കൊലപാതകന്മാരും, ബിംബാരാധികളും, ഭോഷ്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കയും ചെയ്യുന്ന ഏവനും പുറത്തുതന്നേ. (വെളി. 22 : 16). കള്ളസാക്ഷിയെ ദൈവം വെറുക്കുന്നു. (സദൃശ. 6: 19).

9. നക്ഷത്രം മനുഷ്യഹൃദയത്തിലുള്ള മനസാക്ഷിയെ കാണിക്കുന്നു. നിരന്തരവും, മനഃപൂർവ്വവും ആയ പാപപ്രവൃത്തികളാൽ മനസാക്ഷി അശുദ്ധപ്പെട്ടും, ദുഷിച്ച് മൃതിപ്പെട്ടും പോയിരിക്കുന്നു. തന്റെ സ്വന്ത പ്രവൃത്തിയെ ന്യായം വിധിപ്പാൻ കഴിവില്ലാത്തവിധം അന്ധമായും വക്രമായും തീർന്നിരിക്കുന്നു. ഈ ദുഷ്ടമനസാക്ഷി ചിലപ്പോൾ ശാന്തമായിരിക്കും, മററ ചിലപ്പോൾ കലങ്ങിയിരിക്കും. കുററപ്പെടുത്തേണ്ട സമയം ഏതെങ്കിലും ഒഴികഴിവു പറയും. ഒഴികഴിവിന്റെ സമയത്തു് കുററാരോപണം നടത്തും. പഴുത്ത ഇരുമ്പുകൊണ്ടെന്നപോലെ ചൂടുപിടിച്ചിരിക്കുന്നതിനാൽ സ്വയംശക്തി കുറഞ്ഞും വിശ്വാസത്തിൽനിന്നു വഴുതിയും പോകുന്നു. വ്യാജാത്മാക്കളുടേയും പൈശാചികോപദേശങ്ങളുടേയും സ്വാധീനത്തിലായിത്തീരുകയും കപടഭാവത്തിൽ വ്യാജം സംസാരിക്കയും ചെയ്യുന്നു. (1 തിമൊ. 4: 1-2) (എബ്രാ. 10. 22).

10. കണ്ണ്. ഹൃദയത്തിൽ നടക്കുന്നതെല്ലാം ദൈവത്തിന്റെ കണ്ണു കണ്ടുകൊണ്ടിരിക്കുന്നു. അഗ്നിജ്വാലപോലെയുള്ള തന്റെ കണ്ണുകൾക്ക് മറവായതൊന്നുമില്ല. ഹൃദയത്തിലെ രഹസ്യചിന്തകളും, നോട്ട



Copyright ANCP

ങ്ങളും കൂടെ ദൈവം കാണുകയും, അറിയുകയും ചെയ്യുന്നു. നീ നിന്റെ ദോഷപ്രവൃത്തികളെ കൂരിരുട്ടുള്ള രാത്രിയിലോ, വനമദ്ധ്യത്തിലോ, ആഴമുള്ള കുഴിയിലോ ചെയ്യുന്നു വരാം. എവിടെയായാലും ദൈവം അതു് കാണുന്നു. (ഈ ചിത്രത്തിലെ കണ്ണു് മനുഷ്യന്റെ മുഖഭാവത്തോടു ബന്ധപ്പെട്ടിരിക്കുന്നു.)

## 11. ചെറിയ അഗ്നിജ്വാലയുള്ള നാവു്.

ഹൃദയത്തിനു ചുററും കാണപ്പെടുന്ന അഗ്നിജ്വാലയുടെ നാവു് മനുഷ്യഹൃദയത്തെ ചൂഴ്ന്നിരിക്കുന്ന ദൈവസ്നേഹത്തെ കാണിക്കുന്നു. ദൈവം പാപത്തെ വെറുക്കുന്നു എങ്കിലും മനുഷ്യനെ സ്നേഹിക്കുന്നു. പാപിയുടെ മരണത്തിൽ ഇഷ്ടപ്പെടാതെ അവൻ മാനസാന്തരപ്പെട്ടു ജീവിപ്പാൻ താൻ ആഗ്രഹിക്കുന്നു. യേശുക്രിസ്തു പാപികളെ രക്ഷിപ്പാനായി വന്നു. മാനസാന്തരപ്പെടുന്ന ഒരു പാപിയുടെ മേൽ സ്വർഗ്ഗത്തിലെ സന്തോഷം വലിയതാണു്. ഈ ചെറിയ നാവു് യേശുക്രിസ്തുവിന്റെ രക്തത്തെക്കുറിച്ചും പ്രസ്താവിക്കുന്നു. ലോകത്തിന്റെ പാപത്തെ ചുമന്നു തീക്കുന്ന ദൈവകുഞ്ഞാടിന്റെ രക്തംതന്നെ.

**12. ദൈവദൂതൻ.** ഇതു് ദൈവവചനത്തെ കാണിക്കുന്നു. പാപഭാരത്താൽ വഴി തെററിത്തിരിയുന്ന പുരുഷനേയും, സ്ത്രീയേയും നോക്കി അവർ മാനസാന്തരപ്പെട്ടു് ദൈവപ്രകാശത്തിനും സ്നേഹത്തിനും ഹൃദയത്തിൽ ഇടം കൊടുക്കേണമെന്നു് ദൈവം സംസാരിക്കുന്നു.


**13. പ്രാവു്** പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തുന്ന സത്യാത്മാവായ പരിശുദ്ധാത്മാവിന്റെ അടയാളമാകുന്നു. ഇവിടെ പരിശുദ്ധാത്മാവു് ഹൃദയത്തിനു വെളിയിലാണു് നില്ക്കുന്നതു്. പാപം വാഴ്ച നടത്തുന്നേടത്തു് പരിശുദ്ധാത്മാവിനു് പ്രവേശനം സാദ്ധ്യമല്ല.

ഈ ചിത്രം നിങ്ങളുടെ ഹൃദയനിലയെ കുറിക്കുന്നതാണോ? എങ്കിൽ ദൈവത്തെ നോക്കി നിലവിളിക്കുക. നിങ്ങളുടെ ഹൃദയത്തെ ദൈവത്തിനു തുറന്നുവയ്ക്കുക. അവിടുത്തെ വചനവെളിച്ചം ഉള്ളിൽ പ്രകാശിക്കട്ടെ. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക; അപ്പോൾ നീ രക്ഷിക്കപ്പെടും. നിന്റെ ഹൃദയത്തെ മാററി ഒരു പുതിയ ഹൃദയവും



Copyright ANGP

ആത്മാവും തരുവാൻ ദൈവത്തിനു ഹിതമാണ്. ഇതു് രണ്ടാമത്തെ ചിത്രത്തിൽ പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നു.




ചിത്രം 2

## 2. പാപബോധവും അനുസരണവുമുള്ള ഹൃദയം

മാനസാന്തരപ്പെട്ടു ദൈവത്തെ അന്വേഷിപ്പാൻ ആരംഭിക്കുന്ന ഒരു ഹൃദയത്തിന്റെ ചിത്രമാണിതു്. ദൈവത്തിൻ ദൈവവചനമാകുന്ന വാൾ

കയ്യിൽ പിടിച്ചിരിക്കുന്നു. ഈ വാൾ "ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനേയും ആത്മാവിനേയും സന്ധി മജ്ജകളേയും വേറുവിടുവിക്കുംവരെ തുളച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളേയും ഭാവങ്ങളേയും വിവേചിക്കുന്നതും ആകുന്നു. (എബ്രാ. 4: 12). പാപത്തിന്റെ ശമ്പളം മരണമാണെന്നും ഒരിക്കൽ മരിക്കയും പിന്നീട് ന്യായം വിധിക്കപ്പെടുകയും ചെയ്യുന്നതു് മനുഷ്യനു് നിയമിക്കപ്പെട്ടിരിക്കുന്നു എന്നും ദൈവവചനം അവനെ ഓർമ്മിപ്പിക്കുന്നു. പാപിയുടേയും അവിശ്വാസിയുടേയും പങ്കു് അഗ്നിയും ഗന്ധകവും എരിയുന്ന കടലിൽ ആകുന്നു.

ദൂതൻ തന്റെ മറെറക്കയ്യിൽ ഒരു തലയോടു പിടിച്ചിരിക്കുന്നു. നാം എല്ലാവരും മരിക്കേണ്ടവരാകുന്നു എന്നതു് ഒരു പാപിയെ അനുസ്മരിപ്പിക്കുകയത്രേ ഇതിനാൽ ചെയ്യുന്നതു്. നാം വളരെയേറെ സ്നേഹിക്കുകയും വസ്ത്രം ധരിപ്പിച്ചു ഭക്ഷണം കൊടുത്തു വളർത്തി അഴകുപെടുത്തുകയും അതിന്റെ മോഹങ്ങളും വികാരങ്ങളും നിവർത്തിക്കാൻ പാടുപെടുകയും ചെയ്യുന്ന നമ്മുടെ ശരീരം മരണാനന്തരം ദ്രവിച്ചു പുഴുവും കൃമിയും തിന്നുകളയും. എന്നാൽ നമ്മുടെ ആത്മാവും ദേഹിയും എന്നേക്കും ജീവിക്കയും ഒരു ദിവസം ന്യായവിധിക്കായി ദൈവമുമ്പാകെ പ്രത്യക്ഷപ്പെടുകയും ചെയ്യും.

Copyright ANGP

ഇവിടെ പാപി ദൈവവചനം ശ്രദ്ധിപ്പാനാരംഭിക്കയും ദൈവസ്നേഹത്തിനു തന്റെ ഹൃദയം തുറക്കുകയും ചെയ്യുന്നു. അന്ധകാരവും പാപവും നിറഞ്ഞ ഹൃദയത്തിൽ പരിശുദ്ധാത്മപ്രകാശം വീശുവാൻ തുടങ്ങുന്നു. ദൈവീകപ്രകാശം ഉൾപ്രവേശിക്കുമ്പോൾ അന്ധകാരം താനേ അകന്നുപോകുന്നു. വിവിധതരത്തിലുള്ള മൃഗങ്ങളാൽ പ്രതിനിധീകരിക്കപ്പെട്ട പാപങ്ങൾ നീങ്ങിപ്പോകുന്നു. ആകയാൽ പ്രിയ വായനക്കാരാ! വിശ്വദീപമായ യേശുവിനെ നിങ്ങളുടെ ഹൃദയത്തിൽ വരാൻ അനുവദിക്കുക. ചിത്രത്തിൽ കാണുന്നതുപോലെ അന്ധകാരവും അതിന്റെ പ്രവൃത്തികളും താനേ ഒഴിഞ്ഞുപോകും. "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുട്ടിൽ നടക്കുകയില്ല" എന്നു് യേശു പറഞ്ഞിരിക്കുന്നു! യോഹ. 8: 12. സ്വപ്രയത്നത്താലോ, സ്വയജ്ഞാനത്താലോ, മാനുഷീകജ്ഞാനത്താലോ നിങ്ങളുടെ ഹൃദയാന്ധകാരം നീക്കിക്കളവാൻ നിങ്ങൾക്കു കഴികയില്ല. പാപാന്ധകാരം നീക്കിക്കളവാൻ


ലളിതവും നിശ്ചയവും ത്വരിതവുമായ ഒരേ വഴി വെളിച്ചമാകുന്ന യേശുവിനെ ഉള്ളേ വരാൻ അനുവദിക്കുകയാകുന്നു. അന്ധകാരാവൃതമായ ഒരു രാത്രിയിൽ ചന്ദ്രനും, നക്ഷത്രങ്ങളും കുറേ വെളിച്ചം തരുമായിരിക്കാം. പക്ഷേ സൂര്യൻ ഉദിച്ചുകഴിയുമ്പോൾ അന്ധകാരം പോയി മറയുന്നതോടുകൂടെ ചെറിയവെളിച്ചങ്ങളും അപ്രത്യക്ഷമാകുന്നു. യേശുക്രിസ്തു നീതിയിൻ സൂര്യനാകുന്നു. യേശുക്രിസ്തു യരുശലേമിലെ ദൈവാലയത്തിൽ പ്രവേശിച്ചപ്പോൾ അവിടെ ഉണ്ടായിരുന്ന കാള, ആട്ട്, പ്രാവ് ഇവയെ വില്ക്കുന്നവരേയും 'നാണയുമാററക്കാരേയും അടിച്ചു പുറത്താക്കി. എന്റെ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും. നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കി എന്നു ശാസിച്ചുകൊണ്ടാണ് യേശു അങ്ങനെ ചെയ്തതു്. (മത്തായി. 21. 13) നിങ്ങളുടെ ഹൃദയം ദൈവഭവനമായിരിപ്പാൻ ഉള്ളതാണ്. അവിടുന്നു അതിൽ വസിപ്പാനും അതിനെ അഴകുള്ളതാക്കി പ്രകാശിപ്പിച്ച് സ്നേഹവും, സന്തോഷവും കൊണ്ട് നിറെക്കാനും ആഗ്രഹിക്കുന്നു. യേശുക്രിസ്തു നമ്മുടെ പാപം ക്ഷമിച്ചുതരുവാൻ മാത്രമല്ല അതിന്റെ ശക്തിയിൽനിന്നും, അധികാരത്തിൽനിന്നും നമ്മെ വിടുവിപ്പാനുംകൂടെയത്രേ വന്നതു്. പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രർ തന്നേ.

(യോഹ. 8: 36)

## ചിത്രം 3.

പരമാർത്ഥമായി മാനസാന്തരപ്പെട്ട ഒരു പാപിയുടെ ചിത്രമത്രേ ഇതു് കാണിക്കുന്നതു്. യേശുക്രിസ്തു ക്രൂശിന്മേൽ മരിച്ചതു് തന്റെ പാപങ്ങൾക്കുവേണ്ടിയാണെന്നും ആ പാപം എത്ര ഭയാനകവും വലിയതുമായിരുന്നു എന്നും അയാൾ ഇപ്പോൾ കാണുന്നു. അവൻ അങ്ങനെ നോക്കിയിരിക്കുമ്പോൾ ദൂതൻ ദൈവത്തിന്റെ വചനം അവനെ കാണിക്കുകയും അവൻ നുറുങ്ങിയ ഹൃദയത്തോടും നിറഞ്ഞ ആത്മദുഃഖത്തോടും തന്റെ പാപങ്ങൾക്കായി വ്യസനപ്പെടുകയും ചെയ്യുന്നു. യേശുക്രിസ്തുവിൽ പ്രദർശിപ്പിക്കപ്പെട്ട മഹത്തായ ദൈവസ്നേഹത്തെ അവൻ കാണുമ്പോൾ ആ സ്നേഹം അവന്റെ ഉള്ളത്തെ ഉരുക്കുന്നു. ദൈവപുത്രനായ യേശുക്രിസ്തു ലോകത്തിൽ വന്നതു് തന്റെ പാപത്തെ നീക്കുവാനാണെന്നും, ശാപമരത്തിൽ തൂങ്ങിയതു് തന്റെ സ്ഥാനത്താണെന്നും അവൻ ഗ്രഹിക്കുന്നു. യേശുക്രിസ്തു ചമ്മട്ടിയാൽ അടിക്കപ്പെട്ടതും മുൾമുടി ധരിച്ചതും ക്രൂരമായ ആണികളാൽ കൈകാൽകൾ പിളക്കപ്പെട്ടതും, ക്രൂശിക്ക

പ്പെട്ടതും സാക്ഷാൽ എന്താണെന്ന് മനസ്സിലായപ്പോൾ അവന്റെ ഹൃദയത്തേയും, ജീവിതത്തേയും മറു രൂപപ്പെടുത്തുന്നു. ദൈവവചനം വായിക്കുമ്പോൾ ഒരു കണ്ണാടിയിൽക്കൂടെ എന്നപോലെ അവൻ തന്നെത്താൻ കാണുകയും താൻ ദൈവത്തിൽ നിന്നു എത്രദൂരം വഴുതിപ്പോയെന്നും




Copyright ANG

3. മാനസാന്തരപ്പെട്ട ഹൃദയം

അവിടുത്തെ കല്പനകളെ എത്ര അധികം ലംഘിച്ചു എന്നും അറിയുകയും ചെയ്യുന്നു. ആഴമായ ദൈവീക ദുഃഖവും. ഹൃദയത്തകർച്ചയും അവനെ

ബാധിക്കയും അവൻ തന്റെ ഹൃദയത്തെ ദൈവസന്നിധിയിൽ പകരുകയും കണ്ണുനീരോടും നിലവിളിയോടും അപേക്ഷിക്കയും ചെയ്യപ്പോൾ യേശു അവനെ സമീപിക്കുന്നു. ദൈവസ്നേഹവും, സമാധാനവും അവന്റെ ഉള്ളിൽ പ്രവേശിക്കുന്നു. യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി ശുദ്ധീകരിക്കുന്നു. (1 യോഹ. 1: 7). ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ, മനസ്സു തകർന്നവരെ അവിടുന്നു രക്ഷിക്കുന്നു. (സങ്കീ. 34: 18). അതു മാത്രമല്ല, അരിഷ്ടനും മനസ്സു തകർന്നവനും എന്റെ വചനത്തിങ്കൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും എന്നും തിരുവചനം ഉൽഘോഷിക്കുന്നു. (യെശയ്യാ. 66. 2.) പരിശുദ്ധാത്മാവ് മെല്ലിയ സ്വരത്തിൽ ഇങ്ങനെ അരുളിച്ചെയ്യുന്നു: മകനേ! മകളേ, സന്തോഷമായിരിക്ക. നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു. വീണ്ടും അവൻ ക്രൂശിനെ നോക്കുമ്പോൾ രക്തം ചൊരിയപ്പെട്ടതു് അവനുവേണ്ടിയാണെന്നും തൽഫലമായി പാപഭാരം നീങ്ങിപ്പോയെന്നും ദുഃഖവും സങ്കടവും യേശു വഹിച്ചു എന്നും അവൻ, ഉണരുന്നു. അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേററും, നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. യഹോവ നമ്മുടെ എല്ലാവരുടേയും അകൃത്യം അവന്റെ മേൽ ചുമത്തി. (യെശയ്യാ. 53: 5,6). പരിശുദ്ധാത്മാവും, ദൈവസ്നേഹവും വിശുദ്ധീകരിക്കപ്പെട്ട ഹൃദയത്തെ കൈവശമാക്കുന്നു. യേശുവിൽ വിശ്വസിക്കുന്നവൻ നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കും എന്നുള്ളതു് ഇപ്പോൾ അവനു് നിശ്ചയമായിരിക്കുന്നു. ( യോഹ. 3: 16 . അവിടുത്തെ കൃപാധനത്തിനൊത്തവണ്ണം രക്തംമൂലമായിത്തന്നെ നമുക്കു വീണ്ടെടുപ്പും പാപക്ഷമയും ലഭിക്കുന്നു. (എഫെ. 1:7). നിങ്ങളുടെ മോഹത്തിന്റെ സ്ഥാനത്തു് ദൈവത്തിനുവേണ്ടി ജീവിപ്പാനും ദൈവത്തെ സേവിപ്പാനും ഉള്ള ആഗ്രഹം കടന്നുകൂടുന്നു. ലോകത്തേയും ലോകത്തിലുള്ളതിനേയും സ്നേഹിക്കുന്നതിനുപകരം ദൈവത്തേയും ദൈവത്തിനുള്ളതിനേയും സ്നേഹിപ്പാൻ ആഗ്രഹിക്കുന്നു. മൃഗങ്ങളുടെ രൂപത്തിൽ ഹൃദയാന്തർഭാഗത്തു് കുടികൊണ്ടിരുന്ന പാപങ്ങൾ എല്ലാം ഈ ചിത്രത്തിൽ പുറത്തായിരിക്കുന്നു. സാത്താൻമാത്രം വിട്ടകലുവാൻ മനസ്സില്ലാതെ തന്റെ പൂർവ്വസ്ഥാനത്തെ തിരിഞ്ഞുനോക്കിക്കൊണ്ടും തിരിച്ചു വരവു് പ്രതീക്ഷിച്ചുകൊണ്ടും വെളിയിൽ നില്ക്കുന്നു. അതുകൊണ്ടത്രേ നാം ഉണർന്നിരുന്നു പ്രാർത്ഥിക്കേണമെന്നു് യേശു പറഞ്ഞിരിക്കുന്നതു്. അങ്ങനെയെങ്കിൽ സാത്താൻ നമ്മെ വിട്ടു് ഓടിപ്പോകും.

Copyright ANCP



## ചിത്രം 4.

### 4. ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു.

യേശുക്രിസ്തുവിന്റെ ശരീരയാഗം മൂലം പൂർണ്ണ സമാധാനവും വീണ്ടെടുപ്പും പ്രാപിച്ച ഒരു ക്രിസ്ത്യാനിയുടെ ചിത്രമത്രേ ഇതിൽ കാണുന്നതു്. അവൻ മറ്റൊന്നിലും പ്രശംസിക്കാതെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽമാത്രം പ്രശംസിക്കുന്നു. അവനാൽ ലോകം നമുക്കും നാം ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നുവല്ലോ. (ഗലാത്യർ 6: 14). നാം പാപത്തിനു മരിച്ചു നീതിക്കു ജീവിക്കേണ്ടതിനു യേശുക്രിസ്തു ക്രൂശിൽ മരിച്ചു. ക്രിസ്ത്യാനി ലോകത്തിനു ക്രൂശിക്കപ്പെട്ടവനാകുന്നു. ജഡത്തിന്റെ മോഹം നിവർത്തിക്കപ്പെടാതിരിക്കേണ്ടതിന്നു് നാം ആത്മാവിൽ നടപ്പാൻ പ്രബോധിപ്പിക്കപ്പെട്ടിരിക്കുന്നു. (ഗലാ 5:16, 25). യേശുക്രിസ്തുവിനെ അടിപ്പാൻ പിടിച്ചുകെട്ടിയ മരവും, ചാട്ടായും,

ചമ്മട്ടിയും ഈ ഹൃദയ ചിത്രത്തിൽ കാണുന്നു. നമ്മുടെ സമാധാനത്തിനുയുള്ള ശിക്ഷ അവിടുന്നു ശിരസ്സാ വഹിച്ചതിനാൽ അടിക്കപ്പെട്ടു. ഹെരോദാസും കൂട്ടരും അവനെ പരിഹസിച്ചശേഷം അടിക്കുകയും യേശുവിന്റെ ശിരസ്സിൽ ഒരു മുൾക്കിരീടം വച്ചമർത്തുകയും ചെയ്തു. പൊൻകിരീടം ധരിക്കപ്പെടേണ്ട യേശുവിന്റെ ശിരസ്സിൽ ഒരു മുൾക്കിരീടവും രാജകീയ ചെങ്കോൽ വഹിക്കേണ്ട കരത്തിൽ ഒരു വെറും കോലും കൊടുക്കപ്പെട്ടു. പരിഹാസസൂചകമായി അവർ അവന്റെ മുമ്പിൽ വീണുകൊണ്ടു് യഹൂദന്മാരുടെ രാജാവേ, ജയ ജയ എന്നു നിന്ദിച്ചു പറഞ്ഞു. അവർ യേശുവിന്റെ മുഖത്തു തുപ്പി കയ്യിൽനിന്നു കോലു വാങ്ങി ശിരസ്സിൽ അടിച്ചു. ഇങ്ങനെ ലജ്ജാവഹമായും, ക്രൂരമായും പരിഹസിച്ചശേഷം ക്രൂശിപ്പാനായി യേശുവിനെ കൊണ്ടുപോയി.

ഇന്നു് അനേക ക്രിസ്ത്യാനികൾ ആലയങ്ങളിൽ പോകുകയും കർത്തൃമേശയിൽ പങ്കെടുക്കയും ക്രിസ്തീയ ഗാനങ്ങൾ ആലപിക്കയും ചെയ്യുന്നു. എങ്കിലും അവർ തങ്ങളുടെ ദോഷപ്രവൃത്തികളാൽ യേശുവിനെ വീണ്ടും വീണ്ടും ക്രൂശിക്കുന്നു. എന്നെ നോക്കി കർത്താവേ, കർത്താവേ എന്നു വിളിക്കുന്ന ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗത്തിൽ കടക്കുന്നതു്. (മത്തായി. 7:21-27).

യേശുക്രിസ്തുവിനെ കാട്ടിക്കൊടുത്തു് വിലയായി മുപ്പതു വെള്ളിക്കാശു് വാങ്ങിയ യൂദായുടെ പണസ്സഞ്ചിയും ഈ ചിത്രത്തിൽ കാണുന്നു ദ്രവ്യാഗ്രഹം അവന്റെ ഹൃദയത്തെ പിടിച്ചെടുക്കുകയും അവന്റെ മനസ്സിനെ കുരുടാക്കുകയും ചെയ്തിരുന്നു. ചിത്രത്തിൽ കാണുന്ന വിളക്കും ചങ്ങലയും മററും യേശുവിനെ പിടികൂടിയ രാത്രിയിൽ പട്ടാളക്കാർ ഉപയോഗിച്ചതാണു്. അവർ ചൂതു കളിപ്പാൻ ഉപയോഗിച്ച പകിടയും അവിടെയുണ്ടു്. അവർ തന്റെ വസ്ത്രത്തിനായി ചീട്ടിട്ടു പ്രവചനവാക്യം നിറവേററി. "എന്റെ വസ്ത്രം അവർ പകുത്തെടുത്തു എന്റെ അങ്കിക്കായി അവർ ചീട്ടിടുന്നു". (സങ്കീ. 22: 18) യേശുവിന്റെ വകയായി ഉണ്ടായിരുന്ന സകലവും അവർ എടുത്തു. യേശുവിനേയോ അവർ തള്ളിക്കളഞ്ഞു. ഈ മനുഷ്യൻ ഞങ്ങളെ ഭരിക്കേണ്ടാ എന്നതാണു് അവർ പറഞ്ഞ ന്യായം. മനുഷ്യജാതി പൊതുവേ ദൈവത്തിൽനിന്നു് എല്ലാവിധ അനുഗ്രഹങ്ങളും പ്രാപിക്കുവാൻ ആകാംക്ഷയുള്ളവരാണു്. മഴ, സൂര്യപ്രകാശം ഇത്യാദി എല്ലാം തന്നെ. എന്നാൽ ദൈവത്തിന്റെ ഭരണ

Copyright ANCP

ത്തിന തങ്ങളെത്തന്നെ വിധേയപ്പെടുത്തുന്നതിന് അവക്കിഷ്ടമില്ല. അനേകരും തങ്ങളുടെ കഷ്ടതകളിലും, വിഷമ സന്ദർഭങ്ങളിലും ദൈവം അവരെ സഹായിക്കണമെന്ന് ആഗ്രഹിക്കാറുണ്ട്. അത്രതന്നെ.

കുന്തംകൊണ്ടു സേവകർ യേശുവിൻെറ പാർശ്വം കുത്തിത്തുളച്ചു. അതിൽനിന്ന രക്തവും ജലവും പുറപ്പെട്ടു. (യോഹ. 19: 33—37) കോഴി കൂകുന്നതിന മുമ്പായി പത്രോസ് യേശുവിനെ മൂന്നപ്രാവശ്യം തള്ളിപ്പറഞ്ഞു എങ്കിലും പിന്നത്തേതിൽ അവൻ കണ്ണുനീരോടെ അനുത പിച്ചു. നിങ്ങൾ യേശുവിനെ വാക്കുകൊണ്ടും, പ്രവൃത്തികൊണ്ടും ഏററു പറയുന്നുവോ, അതോ മനുഷ്യരുടെ മുമ്പാകെ അങ്ങനെ ചെയ്യാൻ ലജ്ജി ക്കുന്നുവോ. മനുഷ്യരുടെ മുമ്പിൽ എന്നെ ഏററു പറയുന്ന ഏവനേയും സ്വർഗ്ഗസ്ഥനായ എൻെറ പിതാവിൻെറ മുമ്പിൽ ഞാനും ഏററു പറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനേയോ, എൻെറ പിതാ വിൻെറ മുമ്പിൽ ഞാനും തള്ളിപ്പറയും. (മത്താ. 10: 32, 33) തൻെറ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കാത്തവനും എനിക്കു യോഗ്യനല്ല. (മത്താ. 10: 38) യേശുവാകുന്ന പാറമേൽ നില്ക്കുന്നവൻ ഭാഗ്യവാൻ തന്നെ.


പിളന്നോരു പാറയെ
നിന്നിൽ ഞാൻ മറയട്ടെ.
... ...... ...... ...
... ...... ...... ...
തുറന്ന നിൻ ചങ്കിലെ
രക്തനീർ എൻ പാപത്തെ
നീക്കി സുഖം നൽകട്ടെ
മുററും രക്ഷിക്ക എന്നെ.

## ചിത്രം 5.

ദൈവത്തിൻെറ ധാരാളമായ കരുണയാലും, കൃപയാലും രക്ഷിക്ക പ്പെട്ട പാപിയുടെ, കഴുകപ്പെട്ട് വിശുദ്ധീകരിക്കപ്പെട്ട ഹൃദയത്തെ ഇതു് കാണിക്കുന്നു. ഇതു് ത്രിത്വദൈവത്തിൻെറ ആവാസകേന്ദ്രവും ആലയവുമായിരിക്കുന്നു. ഒരുവൻ എന്നെ സ്നേഹിക്കുന്നു എങ്കിൽ അവൻ എൻെറ വചനം പ്രമാണിക്കും. എൻെറ പിതാവും അവനെ സ്നേഹിക്കും. ഞങ്ങൾ അവൻെറ അടുക്കൽ വരികയും ഞങ്ങൾ അവനോടുകൂടെ വസി ക്കയും ചെയ്യും. ദൈവം യേശുക്രിസ്തുവിൽകൂടെ ബഹുമാനിക്കയും അനു

Copyright ANGP

ഗ്രഹിക്കുകയും ഉയർത്തുകയും ചെയ്യുന്നു. (ലൂക്കോസ്. 1: 52). ഹൃദയം ഇപ്പോൾ സാക്ഷാൽ ദേവാലയമായി തീർന്നിരിക്കുന്നു. പാപം വെളിയിലാക്കപ്പെട്ടു പാപത്തിന്റെ പ്രത്യക്ഷമൂർത്തികളായി ഹൃദയത്തിൽ വസി




5. ദൈവത്തിന്റെ ആലയം.

ച്ചിരുന്ന ക്രൂരമൃഗങ്ങളുടെ സ്ഥാനത്ത് സത്യാത്മാവായ പരിശുദ്ധാത്മാവ് വാസം ആരംഭിച്ചു. ദുഷിച്ച പാപങ്ങളുടെ വിളനിലമായിരുന്ന ഹൃദയം ഇപ്പോൾ ഫലപൂർണ്ണമായ ഒരു വൃക്ഷമായിത്തീർന്നിരിക്കുന്നു. ആത്മാ

വിന്റെ ഫലങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, സൌമ്യത, ദീർഘക്ഷമ, താഴ്മ, സൽഗ്ഗുണം, വിശ്വാസം ഇത്യാദി സൽഫലങ്ങളാൽ നിറഞ്ഞു് ദൈവത്തിനും, മനുഷ്യനും ഹിതകരമായി ജീവിതം നയിക്കാൻ ആരംഭിച്ചിരിക്കുന്നു. സാക്ഷാൽ മുന്തിരിവള്ളിയായ യേശുക്രിസ്തുവിന്റെ ഫലംനിറഞ്ഞ ഒരു കൊമ്പായി മാറിയിരിക്കുന്നു. അവൻ ക്രിസ്തുവിലും, ക്രിസ്തുവും വചനവും അവനിലും വസിക്കുന്നതത്രേ ഫലോല്പത്തിയുടെ രഹസ്യം. പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടിരിക്കുന്നതിനാൽ ജഡമോഹങ്ങളെ അടക്കുന്നതിനും, പഴയ മനുഷ്യനെ ക്രൂശിക്കുന്നതിനും ശക്തനായിത്തീർന്നിരിക്കുന്നു. അവൻ കാഴ്ചയാലും, കേൾവിയാലും, സ്വപ്നത്താലുമല്ല വിശ്വാസത്താലത്രേ ജീവിക്കുന്നതു്. ലോകത്തെ ജയിച്ച ക്രിസ്തുവിലുള്ള വിശ്വാസംതന്നേ. കർത്താവായ യേശുക്രിസ്തുവിന്റെ തിരിച്ചുവരവിനേക്കുറിച്ചു് ഏററവും നിശ്ചയവും, സജീവമായ പ്രത്യാശയും അവനുണ്ടു്. നിരന്തരമായി നിലനില്ക്കുന്ന ദൈവസ്നേഹത്തിൽ അവൻ വസിക്കുന്നു.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ. അവർ ദൈവത്തെ കാണും. ദാവീദുരാജാവും വളരെ ധനവും, ശത്രുക്കളുടെമേൽ ജയവും പ്രാപിച്ചവനായിരുന്നിട്ടും തനിക്കു ജീവിതത്തിലുള്ള ഏററവും വലിയ യുദ്ധം സ്വന്തഹൃദയത്തോടായിരുന്നു എന്നു് അവൻ അറിഞ്ഞിരുന്നു. ആകയാലത്രേ നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിച്ചു് സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കേണമേ എന്നു് അവൻ പ്രാർത്ഥിച്ചതു്. തന്റെ സ്വന്തഹൃദയം ശുദ്ധീകരിപ്പാനും നിർമ്മലഹൃദയം പ്രാപിക്കാനും ആർക്കും കഴികയില്ല. യഥാർത്ഥ മാനസാന്തരത്തോടുകൂടെ ദാവീദു ചെയ്തതുപോലെ ദൈവത്തോടപേക്ഷിക്ക മാത്രമത്രേ ഏക പോംവഴി. നിങ്ങളുടെ ജീവിതത്തിൽ പുതിയ പുതിയ കാര്യങ്ങൾ ചെയ്യാൻ ദൈവം ആഗ്രഹിക്കുന്നു. കീറിപ്പറിഞ്ഞുപോയ നിങ്ങളുടെ നീതിയിൻ വസ്ത്രം ഒഴിഞ്ഞതും, പ്രയോജനശൂന്യവുമായ വാഗ്ദത്തങ്ങളാൽ തുന്നി കെട്ടുന്നതുകൊണ്ടു നിങ്ങളുടെ ഹൃദയം ദൈവാലയമായിത്തീരുകയില്ല. നിങ്ങളെ സഹായിപ്പാൻ ദൈവം സദാ സന്നദ്ധനത്രേ. “അവൻ നിങ്ങളുടെമേൽ നിർമ്മലജലം തളിക്കും. നിങ്ങൾ നിർമ്മലരായിത്തീരും. ഞാൻ നിങ്ങളുടെ സകല മലിനതയേയും സകല വിഗ്രഹങ്ങളേയും നീക്കി നിങ്ങളെ നിർമ്മലീകരിക്കും. ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും. പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും. കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്നു നീക്കി മാംസമായുള്ള ഹൃദയം നി

Copyright ANGP

ങ്ങൾക്കു തരും. ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും. നിങ്ങൾ എന്റെ വിധികളെ പ്രമാണിച്ചനുഷ്ഠിക്കും." (യെഹെ. 36:25—27) ഇതത്രേ സ്വപുത്രനായ യേശുക്രിസ്തുവിന്റെ രക്തംമൂലം മുദ്രയിടപ്പെട്ട പുതിയ നിയമം.

ഈ ചിത്രത്തിൽ ദൈവദൂതൻ വീണ്ടും പ്രത്യക്ഷമാകുന്നു. നിത്യജീവന്റെ അവകാശികൾക്കു ശുശ്രൂഷ ചെയ്യാൻ നിയമിക്കപ്പെട്ടവരത്രേ ദൂതന്മാർ. ദൈവത്തെ ഭയപ്പെടുന്നവൎക്കു ചുററും അവർ പാളയമിറങ്ങുന്നു. (സങ്കീ. 34: 7, 91: 17, ദാനി, 6: 22, മത്താ. 2: 13, 13: 19, 18: 10, അപ്പൊ. പ്ര. 5: 19, 12: 7—10).

മനുഷ്യഹൃദയത്തിനു വളരെ ദൂരെയല്ലാതെ സാത്താനും നില ഉറപ്പിച്ചിരിക്കുന്നു. തന്റെ പഴയ വാസസ്ഥലത്തു് വീണ്ടും പ്രവേശിപ്പാൻ ഒരു സന്ദർഭം കിട്ടുമോ എന്നു കാത്തുകൊണ്ടു് അവൻ കഴിയുകയാണു്. നമ്മുടെ എതിരാളിയായ പിശാചു് ആരെ വിഴുങ്ങേണ്ടു എന്നു നോക്കി അലറിക്കൊണ്ടു ചുററി സഞ്ചരിക്കുന്നതിനാൽ ഉണൎന്നും പ്രാൎത്ഥിച്ചും ജീവിപ്പാൻ തിരുവചനം നമ്മെ ഉപദേശിക്കുന്നു. (1 പത്രോ. 5: 8). പലപ്പോഴും അവൻ വേഷപ്രച്ഛന്നനായി വെളിച്ച ദൂതനെപ്പോലെ ഉണർവുള്ള വിശുദ്ധന്മാരെ വഞ്ചിപ്പാൻ അവരെ സമീപിക്കുന്നു. കഴിയുമെങ്കിൽ ദൈവത്തിന്റെ വൃതന്മാരെക്കൂടെ ലോകമോഹങ്ങളാൽ വലച്ചു് വഴിതെററിക്കുവാൻ തന്നെ. നാം അവനോടു് എതിൎത്തു നില്ക്കുന്നപക്ഷം അവൻ നമ്മെ വിട്ടു് ഓടിപ്പോകതന്നെ ചെയ്യും. (യാക്കോ. 4: 7)


## ചിത്രം 6.

ഇതു പിന്മാററക്കാരന്റെ ദുഃഖകരമായ ഒരു ചിത്രമാണു്. അവന്റെ ഒരു കണ്ണു് അടയുവാൻ തുടങ്ങിയിരിക്കുന്നു. ഇതിന്റെ അൎത്ഥം അവൻ ക്രിസ്തീയജീവിതത്തിൽ തണുത്തും, നിദ്രാലുവായും തീൎന്നിരിക്കുന്നു എന്നതാണു്. മറേറ കണ്ണു തുറന്നു ചുററും നോക്കി നിർലജ്ജനായി ലോകസുഖിതത്തിനു വഴി അന്വേഷിക്കുന്നു. അവന്റെ അകത്തെ വെളിച്ചം മങ്ങി ക്രിസ്തുവിനോടുകൂടെ കഷ്ടമനുഭവിപ്പാനുള്ള സന്നദ്ധതയുടെ ചിഹ്നങ്ങൾ മാഞ്ഞു് തകിടം മറിയുവാൻ ആരംഭിച്ചിരിക്കുന്നു. പരിശോധനകൾ അവനെ ചുററി നില്ക്കുകയും അവൻ അവയെ എതിൎക്കാതെ ക്രമേണ അവകൾക്കു വശംവദനാകുകയും ചെയ്യുന്നു. ദൈവശബ്ദം ശ്രദ്ധിക്കുന്നതിനു പകരം പരീക്ഷകന്റെ ഭംഗിവാക്കുകളും വാഗ്ദാനങ്ങളും ശ്രവി



Copyright ANCP

ച്ചാൻ തുടങ്ങുന്നു. ഏതോ മാർഗ്ഗഭക്തിയിൽ തന്റെ ലൗകികത്തെ മറച്ചു വച്ചുകൊണ്ട് അവൻ ഇപ്പോഴും പള്ളിയിൽ പോകുന്നുണ്ടായിരിക്കാം. പക്ഷേ അവനിലെ ദൈവസ്നേഹം തണുത്തുപോയിരിക്കുന്നു. ഇരുമനസ്സുള്ളവനായി ഇരുവിധ അഭിപ്രായമുള്ളവനായിതീർന്നിരിക്കുന്നു. ലോക




## 6. പരീക്ഷിക്കപ്പെട്ട വിഭജിക്കപ്പെട്ട ഹൃദയം.

ത്തോടുള്ള സഖ്യത പാലിക്കയും ദൈവസ്നേഹം നടിക്കയുമാണ്. അവന്റെ മനഃസാക്ഷിയാകുന്ന നക്ഷത്രം മങ്ങിയിരിക്കുന്നു. ക്രൂശ് സന്തോ

ഷത്തോട്ട് ചുമക്കപ്പെടാതെ വേണ്ടാത്തതും വഹിയാത്തതുമായ ഭാരം ആ
യിത്തീരുന്നു. അവൻ പതറുവാൻ ആരംഭിക്കയും പ്രാർത്ഥനയിലുള്ള
ദൈവീകഐക്യം കുറയുകയും ചെയ്തിരിക്കുന്നു. അവൻെറ ഹൃദയനില
യിൽ അവൻ ഉദാസീനനും താല്പ്പര്യമില്ലാത്തവനുമായിരിക്കുന്നു. വെളി
യിൽ നില്ക്കുന്ന പരീക്ഷകന് ഉൾ പ്രവേശിപ്പാൻ സന്ദർഭം കൊടുത്തുകൊ
ണ്ടിരിക്കയാണ്. സാക്ഷാൽ വിശ്വാസികളോടുകൂടെയല്ലാതെ ലൗകീക
സഖാക്കളോട്ട് സഹകരണം പുലർത്തുന്നതിലാണ് അവനിപ്പോൾ ഇഷ്ടം.

നിഗളത്തിൻെറ പ്രതീകമായ മയിൽ ഉള്ളിലേക്കു പ്രവേശനത്തിനു
പരിശ്രമിക്കുന്നു. കൃപയാൽമാത്രം രക്ഷിക്കപ്പെട്ട ആളാണ് താൻഎന്നുള്ളതു
മറന്നു ഒരു നിഗളമുള്ള ക്രിസ്ത്യാനിയായി തീരുന്നു. മദ്യപാനം വാതിൽ
ക്കൽമുട്ടി ഉൾ പ്രവേശിക്കുന്നു. തൻെറ ലൌകീകസ്നേഹിതരുടെ മദ്ധ്യേ
വച്ചാണ് ആദ്യമായി ഒരു ദിവസം അതു് സംഭവിച്ചതു്. മററുള്ളവരിൽ
നിന്നും വ്യത്യസ്തനാണ് താനെന്നും ബലഹീനനും നിസ്സഹകരണബുദ്ധി
യുമാണെന്നും മററുള്ളവരുടെ മദ്ധ്യേ തെററിദ്ധരിക്കപ്പെടാൻ ഇഷ്ടപ്പെ
ടാതെ സാത്താൻെറ പ്രേരണയ്ക്കു വിധേയനായി ഒരു പ്രാവശ്യം മദ്യം
രുചിച്ചു. അതോടെ ജഡീകവികാരങ്ങളും മോഹങ്ങളും തല പൊക്കാൻ
തുടങ്ങി. അസന്മാർഗ്ഗികമായ തമാശകൾ പറയാനും വിനോദിക്കാനും
അശ്ലീലമായ പടങ്ങൾ കാണ്മാനും ആരംഭിച്ചു. നൃത്തശാലയിലും മററും
വിശ്വാസികൾക്കു വിഹിതമല്ലാത്ത സ്ഥാനങ്ങളിലും ഉല്ലസിക്കുന്നതു
പതിവായിത്തീർന്നു. ഇതൊന്നും പാപമല്ല എന്നൊരു സമാധാനമാണ്
മനസ്സിലുണ്ടായിരുന്നതു്. സാത്താനും അതിനു സഹായിയായിത്തീർന്നു.
അശുദ്ധവും അനാവശ്യവുമായ ചിന്തകൾ പറവകളെപ്പോലെ നമ്മുടെ
തലയ്ക്കുമേൽ പറന്നുപോയി എന്നു വരാം. എന്നാൽ അവ നമ്മുടെ തല
യിൽ കൂടുവയ്ക്കാനും മുട്ടയിടാനും നാം ഇടം കൊടുത്താൽ നാം കുററക്കാരാ
വുകതന്നെ ചെയ്യും. നാം പിശാചിൻെറ സ്വാധീനത്തിനു് നമ്മുടെ ചെറു
വിരൽ കൊടുത്താൽ അവൻ കൈ മുഴുവനും കടന്നുപിടിച്ച് നമ്മുടെ
ആത്മാവിനേയും ജീവനേയുംകൂടെ നിത്യനരകത്തിൽ കൊണ്ടെത്തിക്കും.
ആകയാൽ ദൈവത്തിൻെറ താക്കീതു് നീ യൗവ്വനമോഹങ്ങളെ വിട്ടോടേ
ണമെന്നാകുന്നു. പാപം ഏതു രൂപത്തിലായാലും നാം അതിനോടു കളി
ക്കുവാൻ പാടില്ല. വിടുവിക്കുന്നവനും, വിജയിച്ചവനുമായ യേശുവി
ൻെറ അടുക്കലേക്ക് ഓടിച്ചെല്ലുകയാണു വേണ്ടതു്. ഈ ചിത്രത്തിൽ
കാണുന്ന മനുഷ്യൻ ഹൃദയത്തെ ഒരു കഠാരികൊണ്ടു കുത്തുന്നതു് ക്രിസ്ത്യാ



Copyright ANGP

നിതചത്തിൻനേരേയുള്ള പരിഹാസശരങ്ങളാണ്. തങ്ങളുടെ പരിഹാസവചനങ്ങളാൽ കുത്തപ്പെടുന്ന ഇരുമനസ്സുള്ള ക്രിസ്ത്യാനി അതോടുകൂടി മൂതിയടയുന്നു. അവൻ ദൈവത്തെക്കാൾ കൂടുതൽ മനുഷ്യനെ ഭയപ്പെടുവാൻ ആരംഭിക്കയും മനുഷ്യൻ എന്തു ചെയ്യും മനുഷ്യൻ എന്തു പറയും എന്ന് സദാ ചിന്തിച്ച് ഭയത്തിനു അടിമയായിത്തീൻ ദൈവത്തിൽ നിന്നു ദൂരെയാകുകയും ചെയ്യുന്നു. കോപവും ദ്വേഷ്യവും, കഷ്ടതയുടേയും നിരാശയുടേയും സന്ദർഭത്തിൽ വെളിപ്പെടുന്നതിനാൽ അവയും ഉൾപ്രവേശിക്കുന്നു. മററുള്ളവർ നന്നായും കാര്യസിദ്ധിയോടുകൂടെയും ജീവിക്കുന്നതു കാണുമ്പോൾ അസൂയ ആകുന്ന മഹാസപ്പം ഉള്ളിലേക്കു നീങ്ങുവാൻ ആരംഭിക്കുന്നു. അതോടുകൂടെ പകയും, പെരുമയും ഉൾപ്രവേശിപ്പാൻ അസൂയതന്നെ വാതിൽ തുറന്നുകൊടുക്കുന്നു.


പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണന്ന് പ്രാത്ഥിച്ചുകൊണ്ടിരിപ്പിൻ. ദൈവവചനം അനുസ്സരിപ്പാൻ മനസ്സില്ലാതെപോയാൽ ദ്രവ്യാഗ്രഹവും ഉൾപ്രവേശിക്കും നിശ്ചയംതന്നെ. ഞാൻ നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ. (1 കൊരി. 10: 12). പിശാചിൻെറ തന്ത്രങ്ങളോടു എതിർത്തുനില്പാൻ കഴിയേണ്ടതിനു ദൈവത്തിൻെറ സർവ്വായുധവർഗ്ഗം ധരിച്ചുകൊള്ളേണ്ടതാകുന്നു (എഫേ. 6: 11–18).

## ചിത്രം 7.

ഒരിക്കൽ പ്രകാശം ലഭിച്ച് സ്വർഗ്ഗീയദാനം ആസ്വദിച്ച് പരിശുദ്ധാവിനേയും പ്രാപിച്ചശേഷം വീണുപോകുന്ന ഒരുത്തൻെറ പിന്മാറിയ ഹൃദയനില അത്രേ ഈ ചിത്രം കാണിക്കുന്നതു്. അതു മാത്രമല്ല സുവിശേഷത്തിൻെറ ക്ഷണം സ്വീകരിച്ച് സത്യം കൈക്കൊള്ളാതെയും, മാനസാന്തരപ്പെടാതെയും ഇരിക്കുന്ന ഒരു പാപിയുടെ ഹൃദയരൂപവുംതന്നേ. ദൈവം ആവശ്യപ്പെടുമ്പോൾ മാനസാന്തരപ്പെടാതെ തന്നെത്താൻ നന്നാകുവാൻ നോക്കുന്നവൻ തന്നെ. പിന്മാററക്കാരനേക്കുറിച്ച് യേശു പറഞ്ഞിരിക്കുന്നതിപ്രകാരമാണ്.

അശുദ്ധാത്മാവ് ഒരു മനുഷ്യനെ വിട്ട് പോന്നശേഷം നീരില്ലാത്ത സ്ഥലങ്ങളിൽ അലഞ്ഞുനടന്നു. വിശ്രമസ്ഥലം അന്വേഷിച്ചു ഒരിടവും കണ്ടുകിട്ടിയില്ല. തൻെറ പൂർവ്വസ്ഥാനത്തേക്കു തിരിച്ചുചെല്ലും എന്നവൻ പറഞ്ഞു. അവൻ ചെന്നപ്പോൾ ആ ഭവനം അടിച്ചുവാരി വൃത്തിയായിക്കിടക്കുന്നതാണു കണ്ടതു്. അവൻ തിരികെപോയി തന്നിലും ദോഷ

വാന്മാരായ വേറെ ഏഴ് ആത്മാക്കളെക്കൂടെ കൂട്ടികൊണ്ടുവന്നു. അവർ ഒന്നിച്ചു് ഉൾപ്രവേശിച്ചു വാസം ആരംഭിച്ചു. ആ മനുഷ്യന്റെ സ്ഥിതി മുമ്പിലത്തേതിലും വളരെ മോശമായിതീർന്നു (ലൂക്കോസ് 11: 24-26).




## 7. പിൻമാറി കഠിനപ്പെട്ടഹൃദയം

എന്നാൽ സ്വന്തം ഛർദ്ദിക്കു തിരിഞ്ഞ നായ് എന്നും, കുളിച്ചിട്ടു് ചെളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നിയെന്നും ഉള്ള സത്യമായ പഴഞ്ചൊല്ലു പോലെ അവർക്കു സംഭവിച്ചു. (1 പത്രോ. 2: 22). ഈ വചനങ്ങൾ ഒരു

പിന്മാററക്കാരൻെറ (മാനസാന്തരപ്പെടാത്തവൻെറ) ഹൃദയനിലയെ നന്നായി ചിത്രീകരിക്കുന്നു. പാപം തൻെറ എല്ലാ വഞ്ചനയോടുംകൂടെ ഭരണത്തിനായി വീണ്ടും വന്നെത്തിയിരിക്കുന്നു. അവൻെറ മുഖംതന്നെയും അവൻെറ ഹൃദയനില കുറച്ചെങ്കിലും വെളിവാക്കുന്നു. പാപവും, പരിശുദ്ധാത്മാവും ഒന്നിച്ച് വസിക്കുന്നതസാദ്ധ്യമാകയാൽ ആ കളങ്കമററ പ്രാവ് ഹൃദയം വിടുകയാണ്. ദൈവത്തിൻെറ ആലയമായിരിക്കയും അതേസമയം സാത്താൻെറ ഗുഹയായിരിക്കുകയും എന്നുള്ളത് ഒരു ഹൃദയത്തെ സംബന്ധിച്ചിടത്തോളം സാദ്ധ്യമുള്ള കാര്യമല്ല. അതുപോലെതന്നെ ദൈവവചനമാകുന്ന ദൂതനും വൈമനസ്യത്തോടുകൂടെ എങ്കിലും ഹൃദയം വിട്ടുപോകുവാൻ നിർബന്ധിതമാകുന്നു. എങ്കിലും മുടിയനായ പുത്രനേപ്പോലെ ഈ മനുഷ്യനും ഒരു മാനസാന്തരത്തിനു സാദ്ധ്യത ഉണ്ടോ എന്നു അറിവാനായി തിരിഞ്ഞുനോക്കിക്കൊണ്ടാണ് നടക്കുന്നത്. പന്നി തിന്നുന്ന വാളവരകൊണ്ടു വയറു നിറെപ്പാൻ അവൻ ആഗ്രഹിച്ചു എങ്കിലും ആരും അവനു കൊടുത്തില്ല. അപ്പോൾ സുബോധം വന്നിട്ടു അവൻ, എൻെറ അപ്പൻെറ എത്ര കൂലിക്കാർ ഭക്ഷണം കഴിച്ചു ശേഷിപ്പിക്കുന്നു. ഞാനോ വിശപ്പുകൊണ്ടു നശിച്ചുപോകുന്നു. ഞാൻ എഴുന്നേററു അപ്പൻെറ അടുക്കൽ ചെന്നു് അവനോട്: അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിൻെറ മകൻ എന്ന പേരിനു ഞാൻ യോഗ്യനല്ല എന്നു പറയും എന്നു പറഞ്ഞു. (ലൂക്കോ. 15: 16-18). പശ്ചാത്തപിച്ച പുത്രൻെറ നിലകണ്ടു പിതാവ് അവനോട് ക്ഷമിക്കയും പൂർവ്വസ്ഥാനത്തേക്ക് അവനെ ആക്കുകയും ചെയ്തു.

Copyright ANGP

ഈ ചിത്രത്തിലുള്ള ഹൃദയത്തിനാകട്ടെ യഥാർത്ഥ മാനസാന്തരത്തിൻെറയോ ദൈവത്തിങ്കലേക്കു തിരിഞ്ഞു ക്രിസ്തുവിൻെറ പാദങ്ങളിൽ നിന്നു് പാപക്ഷമ പ്രാപിക്കുന്നതിൻെറയോ യാതൊരു ലക്ഷണവും കാണുന്നില്ല. അവൻെറ മനസ്സാക്ഷി ചുട്ടുപഴുത്ത ഇരുമ്പുപോലെ അത്യുഷ്ണമായും നിശ്ചേതനമായും തീർന്നിരിക്കുന്നു. അവനു ചെവിയുണ്ടെങ്കിലും യേശുവിൻെറ യാചനാശബ്ദം കേൾപ്പാൻ അവനു കഴിയുന്നില്ല. അവനു കണ്ണുകൾ ഉണ്ടെങ്കിലും അവൻെറ പാദത്തിനു കീഴേ ജ്വലിക്കുന്ന നരകകൂപത്തിൻെറ ജ്വാല കാണ്മാൻ അവനു സാധിക്കുന്നില്ല. പാപത്തിൽ മുഴുകി ജീവിക്കുന്നതിനാൽ അവനു ലജ്ജ തോന്നുന്നില്ല. അവൻെറ ഹൃദയത്തിൽ വാസംചെയ്‌വാൻ വന്ന സാത്താൻ ഒരു രാജാവിനെപ്പോലെ സിംഹാസനസ്ഥനായിരിക്കയാണ്. പുറമേ മതഭക്തിയുടെ ഒരു വേഷ

മുണ്ടെങ്കിലും സാക്ഷാൽ ഒരു ശവക്കല്ലറയുടെ സ്ഥിതിമാത്രമാണ് അവനിൽ അവശേഷിച്ചിരിക്കുന്നത്. അവ പുറമേ അഴകായി ശോഭിക്കുന്നെങ്കിലും അകമേ ചത്തവരുടെ അസ്ഥികളും സകലവിധ അശുദ്ധിയും നിറഞ്ഞിരിക്കുന്നു. (മത്തായി. 23: 27).


സത്യാത്മാവിന്റെ സ്ഥാനത്ത് അസത്യത്തിന്റെ പിതാവ് സ്ഥാനം ഉറപ്പിച്ചിരിക്കുന്നു. ഓരോ പാപങ്ങളും അവയുടെ പ്രതീകങ്ങളായ മൃഗങ്ങളോടുകൂടെ അശുദ്ധാത്മാക്കളുമായി സ്ഥിതിചെയ്യുന്നു. ഈ കൊടിയ സത്വങ്ങളിൽ നിന്ന് വിടുതൽ ആഗ്രഹിക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ അവ അവനെ ബന്ധിക്കുകയാണ് ചെയ്യുന്നത്. മോശയുടെ ന്യായപ്രമാണം അനുസരിക്കാത്തവനെ കരുണകൂടാതെ രണ്ടുമൂന്നു സാക്ഷികളുടെ വാമൊഴി കേട്ട് മരണശിക്ഷ കല്പിക്കുന്നുവല്ലോ. ദൈവപുത്രനെ ചവിട്ടിക്കളകയും തന്നെ വിശുദ്ധീകരിച്ച നിയമരക്തത്തെ മലിനമെന്നു നിരൂപിക്കയും കൃപയുടെ ആത്മാവിനെ നിന്ദിക്കയും ചെയ്യുവൻ എത്ര കഠിനമേറിയ ശിക്ഷയ്ക്കു പാത്രമാവും എന്ന് വിചാരിപ്പിൻ. (എബ്രാ. 10: 23—29; 2 പത്രൊ. 1: 14).

Copyright ANGP

പ്രിയ സ്നേഹിതാ, ഈ ചിത്രത്തിനു നിങ്ങളുടെ ഹൃദയസ്ഥിതിയോടു വല്ല സാമ്യതയുമുണ്ടോ? നിങ്ങളുടെ ഹൃദയാന്തർഭാഗത്ത് നിന്ന് ദൈവത്തെ നോക്കി നിലവിളിക്കുക; താമസിക്കരുത്. അവിടുന്നു നിങ്ങളെ പൂർണ്ണമായി രക്ഷിപ്പാൻ ശക്തനത്രേ. സത്യമാനസാന്തരത്തോടുകൂടെ സമീപിച്ചു വരുന്നവരുടെ പാപങ്ങളെ ക്ഷമിച്ചുകൊടുപ്പാൻ മനസ്സുള്ളവനും അത്രേ. സാത്താനേയും അവന്റെ അന്ധകാരസേനകളേയും ബന്ധിച്ച് നിങ്ങളുടെ ഹൃദയത്തിൽ നിന്ന് വെളിക്കാക്കുവാൻ നിങ്ങൾ ഇഷ്ടപ്പെട്ടാൽ അവിടുത്തേക്കു കഴിയും. നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും എന്നു പറഞ്ഞ കുഷ്ഠരോഗിയെപ്പോലെ യേശുവിന്റെ അടുത്തേക്കു വരിക. എനിക്കു മനസ്സുണ്ട്, നീ ശുദ്ധമാക എന്ന് അവിടുന്നു തിരുവായ് മൊഴിഞ്ഞു അരുളിച്ചെയ്തുവല്ലോ. (മർക്കൊസ്. 1: 40, 41). എന്നാൽ നിങ്ങളുടെ ഹൃദയം കഠിനപ്പെടുത്തിക്കൊണ്ടിരുന്നാൽ പ്രകാശത്തേക്കാൾ ഇരുളിനെ സ്നേഹിച്ചുകൊണ്ടിരുന്നാൽ പ്രത്യാശയ്ക്കു വഴിയില്ല. സഹായം വരുകയുമില്ല. എന്തുകൊണ്ടെന്നാൽ നിങ്ങൾ തന്നേ ജീവനെ നിഷേധിച്ചു മരണത്തെ തിരഞ്ഞെടുത്തിരിക്കയാണല്ലോ. പാപത്തിന്റെ ശമ്പളം മരണംതന്നെ. (റോമർ. 6: 23).

# ചിത്രം 8.

## 8. പാപിയുടെ അന്തം.





ഇവിടെ മടിയനും കഠിനനുമായ പാപി മരണത്തോടു സമീപിക്കുന്നു. അവന്റെ ശരീരം വേദനകൊണ്ടും ആത്മാവു് മരണഭയം കൊണ്ടും നിറഞ്ഞിരിക്കുന്നു. മരണം (അസ്ഥിപഞ്ജരം) അവിചാരിത

വും, ആവശ്യപ്പെടാത്തതുമായ സമയത്തു് വന്നെത്തിയിരിക്കുന്നു. വഞ്ചിക്കുന്ന പാപമോഹങ്ങൾ എല്ലാം വിട്ടുപോയി. പാപത്തിന്റെ ശമ്പളമായ മരണത്തെ യഥാർത്ഥമായി അഭിമുഖീകരിക്കേണ്ട ഘട്ടം സമാഗതമായി. നരകത്തിന്റെ വേദനകൾ അവരുടെ അടിമയെ പിടികൂടിയിരിക്കുന്നു. പ്രാർത്ഥിപ്പാൻ ആഗ്രഹം ഉണ്ടു്. എങ്കിലും പ്രാർത്ഥിപ്പാൻ അവനു കഴിയുന്നില്ല. അവൻ നിരസിച്ചു തള്ളിയ ദൈവസ്നേഹവും കൃപയും അവൻ എത്ര പരിശ്രമിച്ചിട്ടും തിരികെ പ്രാപിപ്പാൻ സാധിക്കുന്നില്ല. അവന്റെ മുമ്പിലത്തെ സ്നേഹിതന്മാർ അവന്റെ കിടക്കയുടെ സമീപത്തു് നില്പാൻപോലും ഭയപ്പെടുന്നു. അവരുടെ വെറും വാക്കുകൾ അവനെ ആശ്വസിപ്പിക്കുന്നില്ല. അവൻ അന്യായമായി സമ്പാദിച്ച പണം അവന്റെ ആയുസ്സിന്റെ നീളത്തെ കൂട്ടുവാനോ മരണവേദനയിൽ നിന്നു വിടുവിച്ചു് അവന്റെ ആത്മാവിനെ രക്ഷിപ്പാനോ പ്രയോജനപ്പെടുന്നില്ല. എത്ര പരിശ്രമിച്ചിട്ടും അവനു ദൈവത്തെ ഒന്നു് ധ്യാനിപ്പാൻപോലും സാധ്യമല്ലാത്തവിധം പിശാചു് അവന്റെ സമയത്തെ ദുരുപയോഗപ്പെടുത്തിക്കളഞ്ഞു.

അവൻ ആരെയെല്ലാം സ്നേഹിച്ചുവോ എന്തിനെല്ലാംവേണ്ടി ജീവിച്ചുവോ അവയെല്ലാം ഇപ്പോൾ അവനെ പരിഹസിക്കുകയാണു്. അവന്റെ പുരോഹിതൻപോലും ഇപ്പോൾ അവനെ സഹായിപ്പാൻ ശക്തനല്ല. ഒരുപക്ഷെ അയാളും രക്ഷിക്കപ്പെട്ടിരിക്കാൻ ഇടയില്ല. അവൻ ദൈവകൃപയെ നിരാകരിച്ചു് ദൈവശിക്ഷയ്ക്കു വിധേയനായിരിക്കുന്നു. ജീവനുള്ള ദൈവത്തിന്റെ കൈകളിൽ വീഴുന്നതു് എത്ര ഭയങ്കരം. (എബ്രാ. 10: 31). ഏതെങ്കിലും സൌകര്യപ്രദമായ ഒരു ദിവസം ദൈവവുമായി തന്റെ കണക്കുതീർക്കാമെന്നു് ആണു് അവൻ കരുതിയിരുന്നതു്. ഒരു പക്ഷെ മരണക്കിടക്കയിൽ അങ്ങനെ ചെയ്യാമെന്നും ചിന്തിച്ചിരിക്കാം. ഇപ്പോൾ ഇതാ വളരെ താമസിച്ചുപോയിരിക്കുന്നു. മരണസമയത്തു് ദൈവത്തെ അന്വേഷിപ്പാൻ സമയം കിട്ടാതെ ആയിരക്കണക്കിനാളുകൾ പെട്ടെന്നു് മരിച്ചുപോകുന്നു. ആകയാൽ കണ്ടെത്താകുന്ന കാലത്തു് ദൈവത്തെ കണ്ടുപിടിക്കേണ്ടതു് വളരെ ആവശ്യമാകുന്നു. ഒരിക്കൽ ദൈവസ്നേഹത്തെ നിന്ദിച്ചു തന്റെ ജീവിതത്തിൽ അവിടുത്തെ കൃപയെ നിഷേധിച്ചു തള്ളിയ മനുഷ്യൻ ഇപ്പോൾ അവന്റെ ന്യായാധിപതിയിൽ നിന്നു് ഈ വാക്കുകൾ കേൾപ്പാൻ ഇടയാകുന്നു. “ശപിക്കപ്പെട്ടവരേ എന്നെ വിട്ടുപോകുവിൻ. പിശാചിനും അവന്റെ ദൂതന്മാർക്കും ആയി

ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു് പോകുവിൻ. (മത്താ. 25: 41). ഒരിക്കൽ മരിക്കയും പിന്നീടു് ന്യായം വിധിക്കപ്പെടുകയും ചെയ്യുക മനുഷ്യനു നിയമിക്കപ്പെട്ടിരിക്കുന്നു. (എബ്രാ. 9: 27).




**ചിത്രം 9.**

## 9. ജയിക്കുന്ന ഹൃദയം.

ഒരു ക്രിസ്ത്യാനി അഗ്നിപരീക്ഷകളും സഹിച്ചു് ജയിച്ചു വരുന്ന ഒരു ചിത്രമാണിതു്. എല്ലാ ഭാഗത്തുനിന്നും പരിശോധനകൾ വന്നിട്ടും

അവൻ സ്ഥിരമാനസനായി നിന്നു് അവസാനംവരെ സഹിക്കുകയും യേശുക്രിസ്തുവിൽ കൂടെ പൂർണ്ണ ജയാളിയായിത്തീരുകയും ചെയ്യുന്നു. അവൻ ക്രിസ്തീയ ഓട്ടത്തിൽ പ്രവേശിച്ചു് അതിൽതന്നെ നില്ക്കുകയും ക്ഷമയോടെ ഓടുകയും ഇടത്തോട്ടോ വലത്തോട്ടോ നോക്കാതെ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ മാത്രം നോക്കിക്കൊണ്ടിരിക്കയും ചെയ്യുന്നു. (എബ്രാ. 12: 1–2). വിശ്വസിക്കുന്ന ഒരുവന്റെ ഹൃദയത്തിനു ചുററും സാത്താൻ തന്റെ സർവ്വ സേനകളുമായി ചുററി വളഞ്ഞു് അവനെ വഴി തെററിപ്പാൻ നോക്കിയാലും സാധിക്കുന്നില്ല. നിഗളം, ധനമോഹം, ദുർമ്മാർഗ്ഗം മുതലായ സാത്താന്യ സത്വങ്ങൾ ആ കൂട്ടത്തിൽ ഉണ്ടാകും. പുള്ളിപ്പുലിയുടെ സ്ഥാനത്തു് ഇപ്പോൾ നാമൊരു കഴുതയെ കാണുന്നു. പാപം പലപ്പോഴും പല രൂപവും, നാമവും ധരിച്ചാണു് കാണപ്പെടാറുള്ളതു്. എന്നാൽ ഉണർവുള്ള ക്രിസ്ത്യാനി അതു കണ്ടുപിടിക്കുന്നു. മതഭക്തിയുടെ പുതപ്പു പുതച്ചുകൊണ്ടു വന്നാലും വെളിച്ചത്തിന്റെ ദൂതൻതന്നെയായാലും അവൻ അതു കണ്ടുപിടിക്കുന്നു. ദൈവത്തിന്റെ വചനവും സത്യത്തിന്റെ ആത്മാവും അവനെ സകല സത്യങ്ങളിലും വഴി നടത്തുന്നു. ഒരു മനുഷ്യൻ തന്റെ കയ്യിൽ ഒരു കപ്പു നിറയെ വീഞ്ഞും പിടിച്ചുകൊണ്ടു് മനുഷ്യഹൃദയത്തിനു ചുററും നൃത്തംചെയ്തുകൊണ്ടു് അവനെ ലോകമോഹങ്ങളാൽ ആകർഷിപ്പാൻ പരിശ്രമിക്കുന്നു. എന്നാൽ പ്രതിഷ്ഠിക്കപ്പെട്ട ഒരു ക്രിസ്ത്യാനിയിൽ അതു് നിഷ്ഫലമാണു്. അവൻ ലോകത്തിനും പാപത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു. ചിത്രത്തിൽ രണ്ടാമത്തെ മനുഷ്യൻ ക്രിസ്ത്യാനിയെ ഒരു കഠാരികൊണ്ടു കുത്തുന്നു. ദോഷാരോപണം, ഏഷണി, പരിഹാസം ഭീഷണി ഇവയല്ലാതെ വിശ്വാസിയുടെ ഹൃദയത്തെ കുത്തുവാൻ വേറെ എന്താണുള്ളതു്. പക്ഷേ മനുഷ്യൻ പറയുന്നതൊന്നും അവൻ കാര്യമാക്കുന്നില്ല. ദൈവം എന്തു പറയുന്നു എന്നു മാത്രമുള്ളതാകുന്നു അവന്റെ ചിന്താവിഷയം. "എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളേക്കൊണ്ടു് എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ടു് സന്തോഷിച്ചുല്ലസിപ്പിൻ. (മത്താ. 5: 11, 12). പാപവും, ജഡവും, പിശാചും ഒരു ക്രിസ്ത്യാനിയെ ദൈവസ്നേഹത്തിൽനിന്നു വേർപിരിക്കുവാൻ ആവതു പരിശ്രമിക്കുന്നു. എന്നാൽ തികഞ്ഞ സന്തോഷത്തോടും പ്രതീക്ഷയോടും അവൻ പറയുന്നതെന്താണു്? ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ, സങ്കടമോ,

Copyright ANGP

ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ? നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലൊക്കെയും പൂർണ്ണ ജയം പ്രാപിക്കുന്നു. (റോമ. 8: 35-37). ദുർദ്ദിവസത്തിൽ എതിർത്തു നില്പാൻ ശക്തനാകേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ടു സകല പരീക്ഷകളേയും യേശുക്രിസ്തുവിൽകൂടെ ജയിക്കുന്നു. താൻതന്നെ പരീക്ഷിക്കപ്പെട്ടു വിജയം പ്രാപിച്ചതിനാൽ നമുക്കു താൻമൂലം ജയം എടുക്കുന്നതിന്നും അങ്ങനെ മഹത്വ കിരീടം ചൂടുന്നതിന്നും ഇടയാകും. അവന്റെ മനസ്സാക്ഷിയുടെ നക്ഷത്രം തെളിഞ്ഞും പ്രകാശിച്ചും കാണപ്പെടുന്നു. അവന്റെ ഹൃദയം വിശ്വാസത്താൽ നിറഞ്ഞും പരിശുദ്ധാത്മപൂർണ്ണമായും ഇരിക്കുന്നു. ദൈവദൂതൻ ദൈവത്തിന്റെ വചനംപോലെതന്നെ വിലയേറിയ വാഗ്ദത്തങ്ങൾ അവനെ അനുസ്മരിപ്പിക്കയും വിജയിച്ച് അന്ത്യത്തോളം സഹിച്ചുനില്പാൻ സഹായിക്കുകയും ചെയ്യുന്നു. ജയിക്കുന്നവനു രണ്ടാം മരണത്താൽ ദോഷം വരികയില്ല. (വെളി. 2: 7). ജയിക്കുന്നവനു ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും. ഞാൻ അവനു വെള്ളക്കല്ലും, ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും ആ കല്ലിന്മേൽ എഴുതിയിരിക്കുന്നതുമായ പുതിയ പേരും കൊടുക്കും. ജയിക്കയും ഞാൻ കല്പിച്ച പ്രവൃത്തികളെ അവസാനത്തോളം അനുഷ്ഠിക്കയും ചെയ്യുന്നവന് എന്റെ പിതാവ് എനിക്കു തന്നതുപോലെ ഞാൻ ജാതികളുടെ മേൽ അധികാരം കൊടുക്കും. (വെളി. 2: 17, 26). അവർ യോഗ്യന്മാരാകയാൽ വെള്ള ധരിച്ചുംകൊണ്ടു എന്നോടുകൂടെ നടക്കും. ജയിക്കുന്നവൻ വെള്ളയുടുപ്പു ധരിക്കും. അവന്റെ പേർ ഞാൻ ജീവപുസ്തകത്തിൽനിന്നു മായിച്ചുകളയാതെ എന്റെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ ഏററു പറയും. ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും. അവൻ ഒരിക്കലും അവിടെനിന്നു പോകയില്ല. എന്റെ ദൈവത്തിന്റെ നാമവും, എന്റെ ദൈവത്തിന്റെ പക്കൽനിന്നു്, സ്വർഗ്ഗത്തിൽനിന്നുതന്നേ ഇറങ്ങുന്ന പുതിയ യെരുശലേം എന്ന എന്റെ ദൈവത്തിൻ നഗരത്തിന്റെ നാമവും എന്റെ പുതിയ നാമവും ഞാൻ അവന്റെ മേൽ എഴുതും. ജയിക്കുന്നവനു ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നൽകും. (വെളി. 3: 5, 12, 21).

തുറന്ന പണസ്സഞ്ചി കാണിക്കുന്നതു് അവൻ തന്റെ ഹൃദയം മാത്രമല്ല, അവന്റെ പണവും ദൈവത്തിനുവേണ്ടി പ്രതിഷ്ഠിച്ചതാണെന്നുള്ള

Copyright ANGP

തത്രേ. ലോകത്തിൽ അവനുണ്ടായിരുന്ന പൊരുൾ പണ്ടങ്ങൾ നഷ്ടപ്പെടുത്താതെ സാധുക്കളെ സഹായിക്കുക, ദശാംശം, മററു സംഭാവനകൾ മുതലായവ അർപ്പിക്കുക ആദിയായി തനിക്കുള്ളവയെല്ലാംതന്നെ അവൻ ദൈവനാമമഹത്വത്തിനായി വിനിയോഗിക്കുന്നു. അപ്പവും, മീനും അവൻ വിശുദ്ധവും നിയന്ത്രിതവുമായുള്ള ജീവിതം നയിക്കുന്നതിനെ കാണിക്കുന്നു. ലഹരിപദാർത്ഥങ്ങൾ, രക്തം, ശ്വാസംമുട്ടിച്ചത്തവ ഇത്യാദി അശുദ്ധവസ്തുക്കൾ ഒന്നും അവൻ ഭക്ഷിക്കയില്ല. അവൻ തന്റെ ധനം നഷ്ടമാക്കുകയോ, ശരീരത്തെ അശുദ്ധമാക്കുകയോ ചെയ്യുന്നില്ല. ശരീരം ദൈവത്തിന്റെ ആലയമാണല്ലോ. വെററിലമുറുക്ക്. പുകവലി മാദകഔഷധങ്ങൾ ഇങ്ങനെ ഒന്നുംതന്നെ വിശ്വാസി തൊടുകയില്ല. ശുദ്ധവും പോഷകവുമായ ഭക്ഷ്യങ്ങൾ മാത്രമത്രേ അവനിഷ്ടം. അവന്റെ ഹൃദയംതന്നെ ഒരു പ്രാർത്ഥനാമന്ദിരമായിത്തീർന്നിരിക്കുന്നു. അവൻ സഭായോഗങ്ങളിൽ ക്രമമായും, ഭയഭക്തിയോടെയും സംബന്ധിക്കുന്നു. ഏതു കാലാവസ്ഥയിലും എങ്ങനെയുള്ള സാഹചര്യത്തിലും അവന്റെ പതിവു് തെററുകയില്ല. ദൈവത്തോടുള്ള സഹവാസം ഇല്ലാതെ ജീവിച്ചിരിക്കുക സാദ്ധ്യമല്ലെന്നു് അവനു് നന്നായറിയാവുന്നതിനാൽ ആലയത്തിലായാലും, സ്വഭവനത്തിലായാലും അഥവാ സ്വന്ത മുറിയിൽ തന്നെയായാലും പ്രാർത്ഥനയിൽ സംബന്ധിപ്പാൻ അവൻ വിഘ്നം വരുത്തുകയില്ല.

വിശുദ്ധ വേദം അവനു് തുറക്കപ്പെട്ട ഒരു പുസ്തകം അത്രേ. അതു തന്നെയാണു് ചിത്രത്തിലുള്ള തുറന്ന പുസ്തകം കാണിക്കുന്നതു്. അവൻ അതു് ദിനന്തോറും വായിക്കുകയും പഠിക്കുകയും അതിൽനിന്നു് ജ്ഞാനം, ബലം, ജീവൻ, വെളിച്ചം ഇവ മാത്രമല്ല അവർണ്ണ്യമായ ധനവും കണ്ടെത്തുന്നു. അതു് അവന്റെ പാദത്തിനു വിളക്കും വിജയത്തിനു വാളും അത്രേ. അവന്റെ ആത്മാവിനു് ദിനംപ്രതി ഉള്ള അപ്പവും ദാഹശമനത്തിനു് പാനീയവും വെടിപ്പിനു് വിശുദ്ധസ്നാനവും അത്രേ. കൂടാതെ തന്നെത്താൻ കാണുവാൻ തക്ക കണ്ണാടിയായി വിശുദ്ധവചനം അവനു് ഉപകരിക്കുന്നു. ക്രൂശു കൂടാതെ കിരീടമില്ല എന്നു് അവനു് അറിയാവുന്നതിനാൽ ക്രൂശു ചുമപ്പാൻ അവൻ ഇഷ്ടപ്പെടുന്നു. ക്രിസ്തുവിനോടു കൂടെ ഉയിർത്തെഴുന്നേററു് ജീവന്റെ പുതുക്കത്തിലായിത്തീർന്നിരിക്കുന്നതിനാൽ സ്വർഗ്ഗീയവും, നിത്യവും, അദൃശ്യവുമായ കാര്യങ്ങൾ മാത്രം അവൻ അന്വേഷിക്കുന്നു. അവൻ എപ്പോഴും ദൈവത്തെ സന്ധിപ്പാൻ

സന്നദ്ധനായി ജലസമീപെ നടപ്പെട്ട വൃക്ഷംപോലെ ഇരിക്കുന്നു. അതു് തത്സമയം ഫലം കായ്ക്കുയും ഫലപൂർണ്ണമായ മുന്തിരിക്കൊമ്പുപോലെ ശോഭിക്കയും ചെയ്യുന്നു. മരണഭയം അവനില്ല. പരിശുദ്ധാത്മപ്രാപനത്തോടുകൂടി ലഭിച്ച ദൈവസ്നേഹം അവന്റെ ഹൃദയത്തെ നിറച്ചിരിക്കുന്നു.




**ചിത്രം 10.**

**മഹത്വ ഭവനത്തിലേക്കുള്ള യാത്ര.**

ഞാൻതന്നെ പുനരുത്ഥാനവും, ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുവനനൻ മരിക്കയുമില്ല. (യോഹ. 11: 25–26). എന്റെ വചനം കേട്ട് എന്നെ അയയ്ക്കുന്നവനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. അവൻ ന്യായം വിധിക്കപ്പെടുകയില്ല. അവൻ മരണംവിട്ട് ജീവനിൽ കടന്നിരിക്കുന്നു. (മത്താ. 5: 24). മരണത്തിനു ക്രിസ്ത്യാനിയുടെ മേൽ ഭയമോ, വേദനയോ ചെലുത്തുവാൻ കഴികയില്ല. മരണം ജയമായി പര്യവസാനിച്ചിരിക്കുന്നു. യേശുക്രിസ്തുമൂലം നമുക്കു ജയം തരുന്ന ദൈവത്തിനു സ്തോത്രം. (1 കൊരി. 15: 54—57). ദൈവത്തോടുകൂടെ നടക്കയും ജീവിക്കയും ചെയ്യുന്ന ഒരു മനുഷ്യൻ മരണത്തെ ഭയപ്പെടുന്നവനല്ല. അവന്റെ നിര്യാണകാലം സമീപിക്കുമ്പോൾ സന്തോഷത്തോടെ കടന്നുപോകുന്നു. വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കാഗ്രഹമുണ്ട്. അതു് അത്യുത്തമമല്ലോ. ഇങ്ങനെ ആണ് അപ്പൊസ്തലനായ പൌലൊസ് പറഞ്ഞിരിക്കുന്നതു്. (ഫിലി. 1: 23).

തനിക്കുവേണ്ടി മരിക്കയും, ക്രൂശിൽ മരിച്ചു തന്നെ വീണ്ടെടുക്കയും ചെയ്ത യേശുവിന്റെ മുഖം കാണ്മാൻ ഒരു ക്രിസ്ത്യാനി അത്യാകാംക്ഷയുള്ളവനായിരിക്കും. യേശുവിന്റെ നൽ വചനങ്ങൾ പരിശുദ്ധാത്മാവ് അവനെ അനുസ്മരിപ്പിക്കുന്നു. നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതു്. ദൈവത്തിൽ വിശ്വസിപ്പിൻ എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേക വാസസ്ഥലങ്ങൾ ഉണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്നിടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും. (യോഹ. 14: 1—4). ദൈവം തന്നെ സ്നേഹിക്കുന്നവർക്കുവേണ്ടി ഒരുക്കിവച്ചിട്ടുള്ളതു് കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല ആരുടെ ഹൃദയത്തിലും തോന്നീട്ടുമില്ല. (1 കോരി, 2: 9). അവിടെ ക്രിസ്തുവിന്റെ അടിച്ചുവടുകളെ പിന്തുടന്നു ജീവിതം നയിക്കുന്നവർക്കുവേണ്ടി സ്വർഗ്ഗസ്ഥലങ്ങളിൽ ഒരുക്കപ്പെട്ടിരിക്കുന്ന മഹത്വപൂർണ്ണമായ സ്ഥാനം എങ്ങനെ ഉള്ളതെന്നു വർണ്ണിപ്പാൻ ലോകത്തിൽ യാതൊരു ഭാഷയും പോരുന്നതല്ല.

ഭയാനകമായ അസ്ഥികൂടത്തിനു പകരമായി (മരണത്തിനു) ദൈവത്തിന്റെ ദൂതൻ ഈ ചിത്രത്തിൽ കാണപ്പെടുന്നു. നീതീകരിക്കപ്പെട്ട



Copyright ANGP

ആത്മാവിനെ ദൈവത്തിന്റെ പക്കൽ കൊണ്ടെത്തിപ്പാൻ അവൻ കാത്തുനില്ക്കുന്നു. ആത്മാവും, ദേഹിയും മർത്ത്യശരീരത്തിന്റെ ബന്ധനത്തിൽ നിന്നു് വിടുവിക്കപ്പെട്ടു് മേലോട്ടുയരുകയും താൻ സ്നേഹിക്കയും തനിക്കു വേണ്ടി ജീവിക്കയും, മരിക്കയും ചെയ്ത കർത്താവിന്റെ മാർവ്വിടത്തിലേക്കു് സ്വർഗ്ഗകവാടങ്ങൾ കടന്നുപോകയും ചെയ്യുന്നു. ദൈവസാന്നിദ്ധ്യത്തിൽ ഒരു സ്വീകരണം അവനു കാത്തിരിക്കുന്നു. അവന്റെ കർത്താവും, ഗുരുവുമായവൻ അവനെ എതിരേററു് "നന്നു്, നല്ലവനും വിശ്വസ്തനുമായ ദാസനേ, നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിച്ചുകൊൾക" എന്നു പറഞ്ഞു അവനെ ആനയിക്കുകയും ചെയ്യുന്നു. (മത്തായി. 25: 21). സാത്താനു് ഇനി അവന്റെ മേൽ അധികാരം ഇല്ല. തന്റെ വിശുദ്ധന്മാരുടെ മരണം കർത്താവിന്റെ സന്നിധിയിൽ വിലയേറിയതാകുന്നു. (സങ്കീ. 116: 15). ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ. അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു. അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്നു ആത്മാവു പറയുന്നു. (വെളി. 14: 13).

## അവസാന പ്രബോധനം

പ്രിയ വായനക്കാരാ, നിങ്ങളുടെ ഹൃദയം കർത്താവിനു കൊടുപ്പാൻ അവിടുന്നു സഹായിക്കട്ടെ. മകനേ! (മകളേ!) നിന്റെ ഹൃദയം എനിക്കു തരിക എന്നു പറഞ്ഞു അവിടുന്നു നിങ്ങളോടു കെഞ്ചി അപേക്ഷിക്കുന്നു. (സദൃശ. 23: 26). നിങ്ങളുടെ ക്ഷീണിച്ചു് നിരാശപ്പെട്ടു് വേദനയുള്ള ഹൃദയത്തെ യേശുവിനു സമർപ്പിക്കുക. നിങ്ങളിൽ ഒരു പുതു ഹൃദയത്തെയും ആത്മാവിനേയും അവിടുന്നു ദാനം ചെയ്യും. നിങ്ങളുടെ സ്വന്ത ഹൃദയ വികാരങ്ങളെ വിശ്വസിച്ചു വഞ്ചിക്കപ്പെടരുതു്. എന്തെന്നാൽ സ്വന്ത ഹൃദയത്തിൽ ആശ്രയിക്കുന്നവൻ മൂഢനാകുന്നു. ബുദ്ധിയായി നടക്കുന്നവൻ വിടുവിക്കപ്പെടും. (സദൃശ. 23: 26) എന്ന വചനം ഉണ്ടല്ലോ. പാപത്തെ ഉപേക്ഷിച്ചു് നീതിയെ പിൻപററുക. പാപത്തിന്റെ ശമ്പളം മരണം ദൈവത്തിന്റെ കൃപാവരമോ യേശുക്രിസ്തുവിൽ നിത്യജീവൻ അത്രേ. (റോമർ. 6: 23).

ജീവിതം ദൈവത്തിനു സമർപ്പിച്ചവൻ വിശ്വാസത്തിൻ പത്ഥ്യവചനങ്ങളെ പിടിച്ചുകൊള്ളുകയും ആ ഉപനിധി തന്നിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിനാൽ സൂക്ഷിച്ചുകൊള്ളുകയും ചെയ്യണം.



Copyright ANGP

(2 തിമൊ. 1: 14). ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു. അവൻ എന്റെ ഉപനിധി ആ ദിവസംവരെ സൂക്ഷിപ്പാൻ ശക്തൻ എന്നു ഉറച്ചുമിരിക്കുന്നു. അതി വിശുദ്ധവിശ്വാസത്തിൽ നിലനില്പിൻ. പരിശുദ്ധാത്മാവിൽ പ്രാർത്ഥിപ്പിൻ. ദൈവസ്നേഹത്തിൽ നിങ്ങളേതന്നേ സൂക്ഷിച്ചുകൊൾവിൻ. വഴിയും, സത്യവും ജീവനുമാകുന്ന യേശുക്രിസ്തുവിനെ നോക്കിക്കൊൾക. തനിക്കു സ്വന്തമായവരെ ചേർപ്പാൻ അവിടുന്നു വേഗം വരുന്നു. കർത്താധികർത്താവും രാജാധിരാജാവും ആയവൻതന്നേ. വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ചു, തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവനു, നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നമ്മുടെ രക്ഷിതാവായ ഏകദൈവത്തിനുതന്നേ, സർവ്വകാലത്തിനു മുമ്പും ഇപ്പോഴും സദാകാലത്തോളവും തേജസ്സും മഹിമയും ബലവും അധികാരവും ഉണ്ടാകുമാറാകട്ടെ. ആമേൻ. യൂദാ. 24, 25.

ശോഭയുള്ളോരു നാടുണ്ടതു
കാണാമേ ദൂരെ വിശ്വാസത്താൽ
താതൻ വാസം നമുക്കൊരുക്കി
— നില്ക്കുന്നുണ്ടക്കരെ കാത്തതാൽ

വേഗം നാം ചേർന്നിടും
ഭംഗിയേറിയ — ആ തീരത്തു.

Copyright ANGP

## A SPECIAL WORD FROM ANGP
## UN MONDE SPÉCIAL DE L'ANGP
## UMA PALAVRA ESPECIAL DA ANGP

This booklet "The Heart of Man" is available in over 538 languages and dialects spoken throughout the world (Africa, Asia, The Far East, South America, Europe, etc.) Our Heart Book is now also available on cell phones, tablets, etc from www.angp-hb.co.za or as an APP "Heart of Man" on Android phones.

Le livre du "Coeur de l'homme" peut etre obtenu en plus de 538 langues et dialectes parles dans le monde entier, a savoir: Afrique, Amerique, Asie, Extreme Orient, Europe. Notre Livre du Coeur est maintenant aussi disponible sur votre Telephone cellular, plaques, etc. de www.angp-hb.co.za ou comme une Application "Heart of Man" sur telephones Android.

Copyright ANGP

Este livro "O Coracao do Homem" e obtído em mais de 538 linguas e dialectos falados em todo o mundo, a saber: (Africa, Asia, America do Sul, Extremo Oriente, Europa, etc). O nosso Livro O Coração do Homem tambem esta agora disponivel em telefone celular, tablets, etc. de www.angp-hb.co.za ou como um aplicativo "Heart of Man" nos telephones celulares Android.

The 10 heart pictures contained in this booklet are also available in the form of large coloured picture charts (86 x 61cm) bound together in a set of 10 pictures. These "Heart Charts" can be obtained with European or African features and are particularly suitable to be used in conjunction with the Heart Book for class-teaching, open air evangelization etc. Kindly contact us to ascertain the latest subsidized price of this chart.

Les 10 images du coeur qui figurent dans ce livre peuvent etre obtenues en tableaux de couleur, format 86 x 61 cm, avec des physionomies europeennes ou africaines. Ils peuvent etre utilises en meme temps que le livre du coeur pour des classes bibliques, a

**l'ecole du dimanche ou lors de reunions de plein air. Soyez aimable de nous contacter pour assurer les derniers prix en cours du tableau.**

**As 10 imagens do coracao, contidas neste livro podem ser obtidas num conjunto de 10 imagens em colorido no tamanho de (86 x 61 cm). Estes "Cartazes do Coracao podem ser obtfdos com caracterfsticas Europeias e Africanas e podem ser usados em conjuncao com o mesmo livro em classes de ensino biblico, evangelizacao ou ao ar livre. Agradeciamos que nos contacta- se para confirmacao do ultimo preco dos cartazes.**



Copyright ANGP

**Kindly write to us if you are able to assist us with further translations of our free Gospel literature, informing us of the language into which you could translate this Gospel literature. Your assistance would be appreciated.**

**If you have found salvation in Christ, or have been otherwise blessed through our Gospel literature, please let us know. We would like to thank God with you, and remember you further in our prayers.**

**Nous vous invitons a nous contacter pour faire des arrangements concernant de nouvelles traductions de notre litterature, nous informant de la langue dans laquelle vous pouvez traduire cette litterature evangelique. Votre aide sera beaucoup appreciee.**

**Si vous avez trouve le salut en Christ ou si vous avez ete beni par notre litterature, nous vous prions de nous le faire savoir. Nous aimerions remercier Dieu avec vous et prier pour vous.**

**Nos vos convidamos a nos contactar, afim de fazer qualquer arranjo concernente a novas traducoes de nossa literatura em outras Ifnguas. Vossa assistencia sera muito apreciavel.**

**Se tem encontrado a salvacao em Cristo, ou se tem sido abencoado por intermedio da nossa literatura evangelica, faca o favor de nos**

informar. Pois nos gostarfamos de agradecer a Deus juntamente convosco, e lembra-lo sempre em nossas oracoes.

For free Gospel literature, books and tracts in over 538 languages, write to:

Pour obtenir gratuitement de la litterature evangelique, des livres et des traites en plus de 538 langues, ecrivez a:

Para obter gratuftamente a literatura evangelica, livros e folhetos em mais de 538 Ifnguas diferentes escreva para:

E-MAIL: info@angp-hb.co.za
info@angp.co.za

**ALL NATIONS GOSPEL PUBLISHERS**
**P.O. Box 2191**
**PRETORIA**
**0001**
**R.S.A.**

Copyright ANGP

A Gospel Literature Mission financed by donations
Une Mission de litterature evangelique financee de dons
Missao de literatura Evanqelica financiada por donativos

(Reg. No. 1961/001798/08)